FOR PRIVATE CIRCULATION

# SFC News

ശാരോൻ
ഫെലോഷിപ്പ്
ചർച്ചിന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

VOL. 4 | ISSUE 13 | 2019 MAY - JUNE




സൺഡേസ്കൂൾ നാഷണൽ ക്യാംപിന്റെ
സമാപന സമ്മേളനത്തിൽ സഭാ ആക്റ്റിംഗ് പ്രസിഡന്റ്
പാസ്റ്റർ പി.എം. ജോൺ മുഖ്യസന്ദേശം നൽകുന്നു



അടൂരിൽ നടന്ന സൺഡേസ്കൂൾ നാഷണൽ ക്യാമ്പിൽ പങ്കെടുത്തവർ



സൺഡേസ്കൂൾ സ്റ്റേറ്റ് പരീക്ഷയിൽ മൂന്നോ അതിലധികമോ തവണ
റാങ്ക് ജേതാക്കളായവർക്ക് പുരസ്കാരം നൽകുന്നു



നാഷണൽ ക്യാമ്പിൽ ഇമ്മാനുവേൽ കെ.ബി. &
ടീം സംഗീത ശുശ്രൂഷ നയിക്കുന്നു








ക്ലാസ്സുകൾ: ഇവാ. ജോബി കെ.സി., സിജു തോമസ്, അനീഷ് കൊല്ലംകോട്, റവ. മനു മാത്യു, സിബി മാത്യു, ജോ തോമസ്



സി.ഇ.എം. പ്രവർത്തനോദ്ഘാടനത്തിൽ
പാസ്റ്റർ ജോൺസൺ കെ.സാമുവൽ മുഖ്യസന്ദേശം നൽകുന്നു



എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കിയ അനില മെലഡി തോമസിന്
സി.ഇ.എം. പുരസ്കാരം നൽകുന്നു



90–ന്റെ നിറവിൽ എത്തിയ ബ്രദർ പി.എൽ. യോഹന്നാനെ
സി.ഇ.എം. ആദരിക്കുന്നു



ഉത്തരാഖണ്ഡ് രുദ്രാപൂരിൽ ശാരോൻ ഫെലോഷിപ്പിനുവേണ്ടി വാങ്ങിയ സ്ഥലത്ത്
ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് പ്രാർത്ഥിക്കുന്നു.
പാസ്റ്റർമാരായ എം.ഡി. സാമുവൽ, അനിയൻ സാമുവൽ, റെജി ചാക്കോ എന്നിവർ സമീപം.

SFC News
ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം
Vol : 4 / Issue 13
2019 May - June

# ഉള്ളടക്കം

**2** *എഡിറ്റോറിയൽ*
ഉപദേശത്തിനു പ്രധാന്യം നൽകണം



**3** *പ്രസിഡന്റിന്റെ സന്ദേശം*
സ്വയം തിരിച്ചറിയാം



**5** ഈസ്റ്റർ ദിനം നല്കുന്ന പാഠം



**7** ദൈവഹിതം ഇല്ലാത്ത ബന്ധങ്ങൾ

**8** പാസ്റ്റേഴ്സ് ട്രാൻഫർ ലിസ്റ്റ്

**11** വാർത്തകൾ

**എഡിറ്റോറിയൽ ബോർഡ്** :
ഡോ. റ്റി.പി. ഏബ്രഹാം
പാസ്റ്റർ കെ.റ്റി. തോമസ്
പാസ്റ്റർ വി.ജെ. തോമസുകുട്ടി
പാസ്റ്റർ റോയി ചെറിയാൻ
ബ്രദർ ജോയി സി. ഡാനിയേൽ

**എഡിറ്റർ ഇൻ ചാർജ്ജ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

**പ്രതിനിധികൾ**

***നോർത്തേൺ റീജിയൻ***
പാസ്റ്റർ റെജി ചാക്കോ, ഡെൽഹി

***നോർത്ത് സെൻട്രൽ റീജിയൻ***
പാസ്റ്റർ അലക്സാണ്ടർ ശാമുവേൽ ഹരിയാന

***നോർത്ത് വെസ്റ്റ് റീജിയൻ***
പാസ്റ്റർ ബെൻസൺ ഡാനിയേൽ ഗുജറാത്ത്

***കർണാടക – തെലുങ്കാന റീജിയൻ***
പാസ്റ്റർ സാം കെ.കെ. ഹൈദരാബാദ്

***ഈസ്റ്റ് യു.പി. – നേപ്പാൾ റീജിയൻ***
പാസ്റ്റർ ഷിബു വർഗീസ് ലക്നൗ


***സൗദി റീജിയൻ***
ബ്രദർ ബിജോയ് ജോസഫ്

***യു.എ.ഇ. റീജിയൻ***
ബ്രദർ ഷിബു ജോർജ്

***കേരളം***
പാസ്റ്റർ ബിജു ജോസഫ്, തൃശൂർ
പാസ്റ്റർ അനീഷ് കൊല്ലംകോട്, ആലുവ
പാസ്റ്റർ പ്രസാദ് ഏബ്രഹാം, തിരുവല്ല
പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, റാന്നി
പാസ്റ്റർ സാബു പോൾ, അടൂർ
പാസ്റ്റർ റോബിൻസൺ പാപ്പച്ചൻ, തിരുവനന്തപുരം

**എസ്.എഫ്.സി. ന്യൂസ്**
ശാരോൻ ഫെലോഷിപ്പ് ചർച്ച്,
പി.ബി. നമ്പർ 10 തിരുവല്ല - 689 101
കേരള, ഇന്ത്യ
email: sfcnewstvla@gmail.com
Ph: 0469-2607979
9447861098

SHARON FELLOWSHIP CHURCH NEWS




**എഡിറ്റോറിയൽ**

**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**

# ഉപദേശത്തിനു പ്രധാന്യം നൽകണം

സഭയുടെ എക്കാലത്തെയും പ്രധാന ദൗത്യം സഭയ്ക്കു പുറത്തുള്ളവരെ (രക്ഷിക്കപ്പെടാത്തവരെ) അകത്തു കൊണ്ടുവരിക എന്നതാണ് ഇന്നതിന് സംശയമില്ല. എന്നാൽ ഇന്ന് സഭ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് സഭയ്ക്ക് അകത്തുള്ളവരെ പുറത്തു പോകാതെ നിലനിർത്തുക എന്നതാണ്. കാരണം, ഉപദേശത്തിന്റെ അയവും നൂതന ഉപദേശങ്ങളുടെ അതിപ്രസരവും ഇന്ന് വർധിച്ചു വരുന്നു. ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ ഒരു ന്യൂനപക്ഷം സഭകളിൽ അലഞ്ഞുഴലുന്നവരായി തീരുന്നു എന്നത് അവഗണിക്കാനാവാത്ത യാഥാർത്ഥ്യം തന്നെ. ഉപദേശം വേണ്ടവിധം അറിയാനോ അതിൽ നിലനിൽക്കാനോ താൽപര്യമില്ലാത്ത ആത്മീയ ശിശുക്കൾ വർധിക്കുന്നുവെന്ന് വിലയിരുത്തുന്നത് അനുചിതമല്ല.

ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ പ്രസംഗങ്ങൾക്ക് കുറവൊന്നുമില്ല. പ്രത്യേകിച്ച് ടെലിവിഷൻ ചാനലുകളിൽ ഇരുപത്തിനാലു മണിക്കൂറും പ്രസംഗങ്ങൾ ഇന്ന് ലഭ്യമാണ്. അടിസ്ഥാന ഉപദേശങ്ങൾക്ക് അകത്തും പുറത്തും നിന്നുള്ള നിരവധി പ്രസംഗങ്ങൾക്കിടയിൽ ശരിയും തെറ്റും തിരിച്ചറിയാൻ കഴിയാതെ വഞ്ചിക്കപ്പെടുന്നവർ നിരവധിയാണ്. മാത്രമല്ല, നൂതന ഉപദേശങ്ങളുടെ അതിപ്രസരത്തിൽ അകപ്പെട്ടു പോകുന്ന യുവജനങ്ങളും ഇന്ന് കുറവല്ല. ഇവിടെയാണ് വേദപുസ്തക ഉപദേശങ്ങൾ സഭകളിൽ പഠിപ്പിക്കുകയും പാലിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വർധിക്കുന്നത്.

ഉപദേശത്തിന്റെ അടിസ്ഥാനം ദൈവവചനമാണ്. ഏതൊരുപദേശവും ദൈവികമോ പൈശാചികമോ എന്ന് നിർണ്ണയിക്കപ്പെടുന്നതിന് വചനമാണ് മാനദണ്ഡം. അഥവാ വചനത്തിന്റെ വെളിച്ചത്തിലാകണം ഉപദേശത്തിന്റെ അംഗീകരണം. അനുഭവങ്ങൾ പോലും വചനത്തിന്റെ അടിസ്ഥാനത്തിലല്ലെങ്കിൽ അംഗീകരിക്കുവാൻ അനുവാദമില്ല. ഇവിടെയാണ് വചനത്തിന്റെ അറിവിനും അതിൽ നിലനിൽക്കുന്നതിനുമുള്ള പ്രസക്തി. ദൈവവചനത്തിലും അതു നൽകുന്ന ഉപദേശത്തിലുമുള്ള അജ്ഞതയാണ് പലരും വഴിതെറ്റുന്നതിന്റെ കാരണം.

ഉപദേശങ്ങൾ വിശദീകരിച്ചു തരുന്ന വചനം ദൈവനിശ്വാസീയമാണ്. കാലത്തിനനുസരിച്ച് അതിനു മാറ്റം സംഭവിക്കുന്നില്ല. കാലത്തിന്റെ ഗതിവിഗതികൾക്കനുസരിച്ചുള്ള മനുഷ്യന്റെ പുരോഗമനങ്ങൾ മുന്നിൽ കണ്ടു തന്നെയാണ് വചനം എഴുതപ്പെട്ടിരിക്കുന്നത്. ഇക്കാരണത്താൽ വചനമോ അതു നൽകുന്ന ഉപദേശങ്ങളോ ഒരു കാലത്തിലും പുനഃപരിശോധനയ്ക്ക് വിധേയപ്പെടുത്തേണ്ടിവരുന്നില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സഭയ്ക്ക് ഉൽപ്രാപണം വരെ അനുവർത്തിക്കേണ്ട ഉപദേശങ്ങൾ മുഴുവൻ തിരുവചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അനുഭവങ്ങളോ വെളിപ്പാടുകളോ ദർശനങ്ങളോ എന്തുതന്നെയായാലും അതു വചനത്തിനു പുറത്താണെങ്കിൽ അവ അംഗീകരിക്കേണ്ടന്നു വ്യക്തം.

ഉപദേശത്തിലെ അയവ് ഗുരുതരമായ തെറ്റാണ്. പണത്തിന്റെ അതിപ്രസരം ഉപദേശങ്ങൾക്ക് ഇളവ് അനുവദിക്കുന്നുവോ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ധനവും സ്വാധീനവും വ്യക്തികളെ ഒരു പരിധിവരെ ഉപദേശപാലനത്തിൽ നിന്ന് അകറ്റുന്നുവെന്നതാണ് സത്യം. തന്മൂലം സഭകളിൽ അനാത്മികർ വർദ്ധിക്കുന്നു. വചനത്തിനും അതിന്റെ ശുശ്രൂഷകന്മാർക്കും വിധേയപ്പെടുവാൻ മനസ്സില്ലാതെ പലരും മത്സരികളാകുന്ന കാഴ്ച സാധാരണമായിരിക്കുന്നു. ഉപദേശം എല്ലാറ്റിനും മീതെയാണെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നതാണ് കാരണം.

ഉപദേശം പുതിയനിയമ വെളിച്ചത്തിൽ, പിതാവ് മക്കൾക്ക് നൽകുന്നതാണ്. മക്കൾ അതു പാലിക്കുന്നത് കൂലി പ്രതീക്ഷിച്ചോ ശിക്ഷ ഭയന്നോ അല്ല, മറിച്ച് സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ തിരിച്ചറിവാണ് ആവശ്യം. എങ്കിൽ മാത്രമേ യഥാർത്ഥ ആത്മീയതയും അതുവഴിയുള്ള ക്രിസ്തീയ ജീവിതവും തുടർന്നുകൊണ്ടു പോകുവാനാകൂ. ■



പ്രസിഡന്റിന്റെ സന്ദേശം

# സ്വയം തിരിച്ചറിയാം

റവ. ജോൺ തോമസ്

**നാ**മെല്ലാവരും പലപ്പോഴും ദ്വിമാന ലോകത്താണ് വസിക്കുന്നത്. ആത്മതലവും സ്വാഭാവിക തലവുമുള്ള കാര്യം നമുക്കറിയാം. ആത്മതലം നമ്മുടെ നഗ്നനേത്രങ്ങൾക്ക് മറഞ്ഞിരിക്കുന്നതാണെങ്കിലും ഈ രണ്ട് തലങ്ങളും യാഥാർത്ഥ്യവും ഒരുമിച്ച് ചേർന്ന് പോകുന്നതുമാണ്. നമ്മുടെ അനുദിന ജീവിതത്തെ ബാധിക്കുന്ന ശക്തികളും സ്വാധീനങ്ങളുമുണ്ട്. ആത്മതലത്തിൽ നിന്ന് നമ്മുടെ വികാരങ്ങൾ, കാഴ്ചപ്പാടുകൾ, ചിന്തകൾ, ജീവിതശൈലികൾ എന്നിവയ്ക്ക് പുറപ്പെടുവാൻ കഴിയും. അതുപോലെതന്നെ പ്രകൃതിമണ്ഡലത്തിലുള്ള സ്വാഭാവിക ശക്തികൾക്കും തീരുമാനങ്ങളെടുക്കാനുള്ള നമ്മുടെ കഴിവിനെയും നമ്മുടെ ലക്ഷ്യത്തെയുമൊക്കെ സ്വാധീനിക്കാൻ കഴിയും.

ഉദാഹരണമായി, നിങ്ങൾക്ക് ഒരാളുമായി കലഹമുണ്ടാകുകയും അവഹേളിക്കപ്പെടുകയും അവഗണന നേരിടുകയും ചെയ്തുവെന്നിരിക്കട്ടെ. ഈ സാഹചര്യത്തിന് ഒരുപക്ഷെ നിങ്ങളുടെ ബന്ധങ്ങളെയും ആഴമാർന്ന സൗഹൃദങ്ങളെയും എന്നേക്കുമായി തകർത്തുകളയുവാൻ കഴിഞ്ഞേക്കും. ഇത്തരം പ്രയാസകരമായ പ്രശ്നങ്ങളുടെ പരിണിതഫലം ഒരാളുടെ വാക്കുകൾ കൊണ്ടോ പ്രവർത്തികൾ കൊണ്ടോ ഉളവാകുന്ന ഉഗ്ര കോപങ്ങൾ കൊണ്ടും മറക്കാനാവാത്ത ചിന്തകൾ കൊണ്ടും തകർക്കപ്പെടുന്ന ജീവിതമാണ്.

നാമെല്ലാവരും ദ്വിമാന തലങ്ങളിലാണ് ജീവിക്കുന്നതെന്ന വിശാലമായ കാഴ്ചപ്പാടും വെളിപ്പാടും ഇല്ലാത്തിടത്തോളം കാലം നാം ജയാളികളാകുകയില്ല, മറിച്ച് ഇരകളായിക്കൊണ്ടിരിക്കും. ഇരകളാകുന്നവരുടെ മാനസിക നില ശരിയായ നിലയിൽ പ്രവർത്തിക്കുന്നതായിരിക്കില്ല, മറിച്ച് ശ്രദ്ധപിടിച്ചുപറ്റുന്നതിനായി ഉപദ്രവം ഏൽക്കപ്പെട്ടവരെ പോലെയും സ്വന്തം ഉത്തരവാദിത്തങ്ങൾ ഒഴിഞ്ഞിരിക്കുന്നവരെ പോലെയും ആയിരിക്കും. ചിലയാളുകൾ ഇത്തരം മാനസിക നിലയിൽ പ്രയാസമനുഭവിക്കുന്നവരായിരിക്കും. ജീവിതം അവരെ വല്ലാതെ വേദനിപ്പിക്കുന്നു എന്ന ചിന്തയിൽ ഉറച്ചുനിൽക്കുന്നവരായിരിക്കും. ഇത്തരം വിശ്വാസങ്ങളുടെ അനന്തരഫലം നിരാശ, ഭയം, കോപം എന്നിവയിൽ നിന്നുണ്ടാകുന്ന കുറ്റപ്പെടുത്തലും പഴിചാരലും നിരാശാജനകമായ വ്യക്തിത്വവുമായിരിക്കും. ചുരുക്കി പറഞ്ഞാൽ ഇരയുടെ മാനസിക നില എന്നു പറഞ്ഞാൽ നിങ്ങൾ അനുഭവിക്കുന്ന അസന്തുഷ്ടിക്ക് കാരണമായി മറ്റുള്ളവരെയും സാഹചര്യങ്ങളെയും പഴിചാരുക എന്നതാണ്. അവർ പറഞ്ഞ ന്യായവാദങ്ങളും അർധ സത്യങ്ങളും തെളിയിച്ചെടുക്കാൻ ചിലർ കിണഞ്ഞു ശ്രമിക്കാറുണ്ട്.

അവരുടെ കാഴ്ചപ്പാടുകൾ ശരിവെയ്ക്കുന്ന അപവാദങ്ങൾ കേൾക്കുന്നതിനായുള്ള ഉൾപ്രേരണയുള്ളതുകൊണ്ട് അവരുടെതായ വിശ്വാസങ്ങൾ ശക്തി പ്രാപിച്ചുകൊണ്ടിരിക്കും. അവരുടെ അഭിപ്രായങ്ങൾ മാത്രമേ കാര്യമാക്കേണ്ടതുള്ളൂ എന്നവർ സ്ഥാപിക്കും. നല്ലതാണെങ്കിലും അല്ലെങ്കിലും അവരുടെ അഭിപ്രായങ്ങൾക്കായി വാദിക്കുന്നതിൽ അവർക്ക് ഭയമില്ല. യേശു തന്റെ പഠിപ്പിക്കലുകൾ അവസാനിപ്പിക്കുമ്പോൾ ഇങ്ങനെ പറയുമായിരുന്നു, “കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.” അഹങ്കാരവും അസൂയയും നിമിത്തം പലരും അവരുടെ സ്വഭാവരീതികളിൽ മാറ്റം വരുത്തുന്നതിൽ വിമുഖരാണ്. പരസ്പരം പോരടിച്ചു ജീവിക്കുന്നതിലൂടെ ചെന്നുചേരുന്ന അപകടകരമായ പാപസ്വഭാവത്തെ പറ്റി തിരുവചനം നമ്മെ ബോധ്യപ്പെടുത്തുന്നു. ദൈവത്തോട് മറുതലിക്കുമ്പോൾ പിശാച് നമ്മുടെമേൽ ജയമെടുക്കുകയാണ്. ആദാം ദൈവത്തോടും സ്ത്രീയോടും ചെയ്തതുപോലെ പലപ്പോഴും നമ്മളും പലരെയും പഴിചാരുകയാണ് (ഉല്പ. 3:12).

എഫെസ്യർ 6:12 പറയുന്നു, “നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രെ.” മറ്റൊരു അർത്ഥത്തിൽ, നമുക്ക് പോരാട്ടം കാണുവാൻ കഴിയുന്ന വ്യക്തികളോടല്ല, പ്രത്യുത നമുക്ക് കാണാൻ കഴിയാത്ത ആത്മതലത്തിലെ ശക്തികളോടാണ്.

നമ്മുടെ പോരാട്ടങ്ങൾ ആത്മതലങ്ങളിലാണെന്ന് എത്ര വേഗം നാം

**അടഞ്ഞ വാതിലുകളെ തുറക്കുന്ന താക്കോലുകളാണ് പ്രാർത്ഥനയും ആരാധനയും. ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തെപ്പറ്റിയുള്ള ശരിയായ അവബോധം നമ്മെ എളിമയുള്ളവരാക്കുന്നു. തനിക്കെതിരെ കുറ്റം ചുമത്തിയപ്പോഴും യേശു ഈ രീതി ഉപയോഗിച്ചു. ക്രിസ്തുവിന്റെ പിൻഗാമികൾ എന്ന നിലയിൽ നാമും അവനെപ്പോലെ പ്രാർത്ഥിക്കുന്നവരാകണം.**

തിരിച്ചറിയുമോ അത്രയും വലിയതായിരിക്കും നമ്മുടെ വിജയവും. ഈ സത്യം തിരിച്ചറിയാതെ പോയാൽ അത് ജീവിതത്തിലുടനീളം നമുക്ക് വേദനയായിരിക്കും.

നിങ്ങളോടു തന്നെ ചോദിക്കുക: ഈ വ്യക്തിയെപ്പറ്റി, എന്റെ ജീവിതത്തെപ്പറ്റി, എന്റെ ജോലിയെപ്പറ്റി ഇങ്ങനെയൊക്കെ തോന്നാൻ എന്താണ് കാരണം...? എനിക്കിപ്പോൾ തോന്നുന്നതു അനുസരിച്ച് ഒരു തീരുമാനം എടുത്താൽ അത് എന്നെ ദൈവത്തോടും അവന് എന്നെക്കുറിച്ചുള്ള ഉദ്ദേശ്യത്തോടും അടുപ്പിക്കുന്നുണ്ടോ? എന്റെ ബന്ധങ്ങളിൽ നിലനിൽക്കുന്ന സമാധാനവും ആരോഗ്യവും അത് നൽകുമോ? എന്റെ അവസ്ഥകളെപ്പറ്റി ദൈവവചനം എന്താണ് പറയുന്നത്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകവഴി നമ്മുടെ തീരുമാനങ്ങളുടെ ഉറവിടം എന്താകണമെന്ന് നമുക്ക് തീരുമാനിക്കാൻ കഴിയും. അത് നാം കാണുന്നതുപോലെ ആയിരിക്കില്ല. യഥാർത്ഥത്തിൽ അത് എപ്രകാരമായിരിക്കുമെന്ന് നാം വസിക്കുന്ന ഈ ദ്വിമാന തലങ്ങളെ മനസ്സിലാക്കുക വഴി തിരിച്ചറിയുവാൻ സാധിക്കും.

നമ്മുടെ സഭയുടെ, ശുശ്രൂഷയുടെ, ബന്ധങ്ങളുടെ, ബിസിനസ്സിന്റെ, ഉദ്യോഗത്തിന്റെ വിജയം ഏത് ആത്മശക്തിയുടെ നിയന്ത്രണത്താൽ തീരുമാനമെടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.

വെളി. 12:11 സ്വയപരാജയങ്ങൾക്ക് പരിഹാരം നൽകുന്നു. 'അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു.'

മനസിലാക്കുന്നതിനായി 3 ലളിതമായ ചുവടുകൾ

1. ഈ രണ്ട് ലോകങ്ങളിലും ജയകരമായി നമുക്ക് ജീവിക്കണമെങ്കിൽ യേശു നമ്മിൽ വസിക്കണം. ആത്മമണ്ഡലങ്ങളെ ജയത്തോടെ നേരിടുവാൻ അവന്റെ ആത്മാവ് നമ്മെ പ്രാപ്തരാക്കണം. അത് കേവലം സ്വർഗ്ഗത്തിലേക്ക് പോകുന്ന കാര്യമല്ല, മറിച്ച് യേശു ചെയ്തത് പോലെ അദൃശ്യമണ്ഡലങ്ങളിലെ പൈശാചിക ശക്തികളെ തോല്പിക്കുക എന്നതാണ്. അത് യേശു മാത്രമേ സാധ്യമാക്കുകയുള്ളൂ.

2. ദൈവശബ്ദത്തിനായി കാത്തിരിക്കാനും ശ്രദ്ധിക്കാനുമുള്ള മനോഭാവം ഉണ്ടാകണം. സങ്കീർത്തനം 46:10 പറയുന്നു "മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ." നിർഭാഗ്യവശാൽ നാം കാണുന്നതും അനുഭവിക്കുന്നതും നമുക്ക് നല്ലതെന്ന് തോന്നുന്ന കാര്യങ്ങളെയും അടിസ്ഥാനമാക്കിയാണ് നമ്മൾ തീരുമാനങ്ങൾ എടുക്കുന്നത്. നാമൊരു തീരുമാനത്തിലേക്ക് എത്തുന്നതിന് മുൻപ് പ്രശ്നങ്ങളുടെ ഉറവിടം എന്തെന്ന് വിവേചിച്ച് അറിഞ്ഞാൽ നമ്മുടെ ശുശ്രൂഷയിലെയും ജീവിതത്തിലെയും പരാജയങ്ങളെ ഒഴിവാക്കുവാൻ കഴിയും.

3. അടഞ്ഞ വാതിലുകളെ തുറക്കുന്ന താക്കോലുകളാണ് പ്രാർത്ഥനയും ആരാധനയുമെന്ന് നമുക്കറിയാം. ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനത്തെപ്പറ്റിയുള്ള ശരിയായ അവബോധം നമ്മെ എളിമയുള്ളവരാക്കുന്നു. തനിക്കെതിരെ കുറ്റം ചുമത്തിയപ്പോഴും യേശു ഈ രീതി ഉപയോഗിച്ചു. ക്രിസ്തുവിന്റെ പിൻഗാമികൾ എന്ന നിലയിൽ നാമും അവനെപ്പോലെ പ്രാർത്ഥിക്കുന്നവരാകണം, അവൻ നമുക്ക് തന്ന ലക്ഷ്യത്തെ ഓർത്ത് അവനെ സ്തുതിക്കാം.

**പാസ്റ്റർ ജോൺ തോമസ്**

# ശ്രീലങ്ക സ്ഫോടനം: കൊല്ലപ്പെട്ടവരിൽ സണ്ടേസ്കൂൾ കുട്ടികളും



ശ്രീലങ്കയുടെ വടക്കൻ പ്രവിശ്യയിലുള്ള ബട്ടിക്കലോവയിലെ സീയോൻ ഇവാൻജലിക്കൽ പള്ളിയിൽ സണ്ടേസ്കൂൾ നടന്നുകൊണ്ടിരിക്കുമ്പോൾ ആയിരുന്നു ചാവേർ അവിടെ എത്തിച്ചേർന്നത്. സീയോൻ ചർച്ചിന്റെ പാസ്റ്റർ തിരുകുമാരൻ ആരാധനയ്ക്കുള്ള ക്രമീകരണം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ബാഗുമായി അപരിചതനായ ഒരു ചെറുപ്പക്കാരൻ അവിടേക്കു കടന്നുവന്നത്. "ചർച്ചിനു പുറത്ത് ഒരു ചെറുപ്പക്കാരൻ നിൽക്കുന്നതു ഞാൻ കണ്ടു. ചർച്ചിൽ പതിവായി വരുന്ന ആളല്ലെന്നു ബോധ്യമായി. ഒരു 35 വയസ്സു പ്രായം ഉണ്ടാകും. ഞാൻ അയാളുടെ അടുക്കൽ ചെന്നു. ഒമർ എന്നാണ് തന്റെ പേരെന്നു പറഞ്ഞു. തൊട്ടടുത്തുള്ള ഒഡമ്മാബാടി പട്ടണത്തിൽ നിന്നുമാണ് വരുന്നതെന്നും ചർച്ചിൽ പങ്കെടുക്കുവാനുമാണ് വന്നതെന്നും പറഞ്ഞു." പാസ്റ്റർ ഒമരിനെ അകത്തേക്കു ക്ഷണിച്ചെങ്കിലും തന്റെ കൂട്ടുകാരനായി അവിടെ നിന്നു. പാസ്റ്റർ അകത്തേക്കു പോയി. അൽപ്പം കഴിഞ്ഞതും വലിയൊരു ബാഗുമായി മറ്റൊരാൾ അവിടേക്കു വന്നു. പാസ്റ്റർ 9 മണിക്കു ആരാധന ആരംഭിക്കുന്ന സമയത്ത് വലിയൊരു സ്ഫോടന ശബ്ദം കേട്ടു. ഞൊടിയിടയിൽ ആരാധനാലയം രക്തക്കളമായി മാറി. ശരീരങ്ങൾ ചിന്നിച്ചിതറി. സണ്ടേസ്കൂൾ കുട്ടികളിൽ 28 പേരോളം അതിദാരുണമായി കൊല്ലപ്പെട്ടു. ഒട്ടനവധി വിശ്വാസികൾക്ക് പരിക്കുപറ്റി ചികിത്സയിലാണ്.





പാസ്റ്റർ കോശി ഉമ്മൻ
ഷാർജ

# ഈസ്റ്റർ ദിനം നല്കുന്ന പാഠം

**മൂ**ന്നു പതിറ്റാണ്ടുകൾ നീണ്ട രക്തച്ചൊരിച്ചിലിന് ഒടുവിൽ കഴിഞ്ഞ ഒരു ദശകം ശ്രീലങ്ക നിശബ്ദമായി, സമാധാനമായി നീങ്ങുന്ന എന്ന ചിന്തയാണ് ലോകരാഷ്ട്രങ്ങൾക്ക് ഉണ്ടായിരുന്നത്. എന്നാൽ കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ കേട്ട വാർത്ത ഇന്നലെയുടെ ഓർമ്മ നമ്മിൽ ഉണർത്തി.


ശ്രീലങ്കയിൽ താമസിക്കുന്ന 2.2 കോടി ജനങ്ങളിൽ വ്യത്യസ്ഥ വിഭാഗങ്ങൾ ഉണ്ട്. 70% ബുദ്ധമത വിശ്വാസികൾ, ഹിന്ദുമത വിഭാഗത്തിൽപ്പെടുന്നവർ 12% വരും. മുസ്ലീങ്ങൾ 10% ക്രിസ്ത്യാനികൾ 7% വരും. നാഷണൽ ക്രിസ്ത്യൻ ഇവാൻജലിക്കൽ അലയൻസ് ഓഫ് ശ്രീലങ്ക റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ വർഷം മാത്രം 86 വർഗ്ഗീയ ആക്രമണങ്ങൾ ക്രിസ്ത്യൻ വിഭാഗങ്ങൾക്കെതിരായി ഉണ്ടായി. ഈ വർഷം 4 മാസങ്ങൾക്കിടയിൽ 26 ആക്രമണങ്ങൾ ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈസ്റ്റർ ദിനത്തിൽ 360 പേരാണ് ചാവേർ ആക്രമണങ്ങളിലൂടെ യാത്രയായത്. ആരാണ് അതിന്റെ പിമ്പിൽ എന്ന് പിന്നീടറിഞ്ഞു. ആ വേരുകൾ വന്നു നില്ക്കുന്നത് കേരളത്തിലാണ്. കേരളത്തിലും നടത്താനിരുന്ന വലിയ സ്ഫോടന പരമ്പരകളുടെ ചുരുളുകൾ അഴിഞ്ഞുവരുന്നു.

ലോകത്തിൽ എവിടെയും ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നടക്കുന്ന നരഹത്യകൾ ലോകമാധ്യമങ്ങൾ പുറത്തുവിടുന്നില്ല. മാധ്യമങ്ങളുടെ ഇരട്ടത്താപ്പ് നയം ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിൽ നടന്ന സംഭവം പുറത്തറിയിക്കുന്നതിലും അപലപിക്കുന്നതിലും കണ്ട ഉത്സാഹം ശ്രീലങ്കയിലെ സംഭവങ്ങളിൽ കാണാതിരിക്കുമ്പോൾ വ്യക്തമാണ്. മാധ്യമങ്ങൾ മാത്രമല്ല ലോകരാജ്യങ്ങളിൽ മിക്കതും മൗനവ്രതത്തിലാണ്.

ക്രിസ്തീയ മാർഗ്ഗത്തിനു തുടക്കം മുതലേ പീഡനം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പീഡനങ്ങളിൽ തകർന്നു പോകുന്ന ഒരു മാർഗ്ഗമായിരുന്നു ഇതെങ്കിൽ ഇന്ന് ഈ മാർഗ്ഗം കാണില്ലായിരുന്നു.

ഇൻഡ്യയിൽ സ്ഥിതി വ്യത്യസ്ഥമല്ല. ഇൻഡ്യയിലെ ന്യൂനപക്ഷമാണ് ക്രിസ്ത്യാനികൾ. അടുത്തിടയ്ക്ക് എടുത്ത കണക്കനുസരിച്ച് 2.38 ശതമാനം മാത്രം വരുന്ന ജനത. മുൻപ് ദൈവത്തിങ്കലേക്ക് പല വഴികൾ എന്ന ചിന്ത ഹിന്ദു സമൂഹത്തിനുണ്ടായിരുന്നു. അതിനാൽ തന്നെ മറ്റു മതങ്ങളോട് മൃദു സമീപനങ്ങളും സഹിഷ്ണുതയും അവർ പുലർത്തിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറി. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം ദീർഘവർഷങ്ങൾ ഇൻഡ്യ ഭരിച്ചിരുന്നത് കോൺഗ്രസ് നേതൃത്വം നൽകിയ ഗവണ്മെന്റുകളാണ്. അവർ മതങ്ങളുടെ കാര്യത്തിൽ, പ്രത്യേകിച്ചു ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ഇടപെടലുകൾ നടത്താറില്ലായിരുന്നു. എന്നാൽ ഭാരതീയ ജനതാപാർട്ടി അധികാരത്തിൽ എത്തിയതോടുകൂടി ഈ സ്ഥിതിക്ക് വ്യത്യാസം വന്നുതുടങ്ങി. അവർ ഭരണത്തിൽ എത്തിയ 2003, 2014 കാലഘട്ടങ്ങളിൽ ക്രിസ്തീയ വിരോധം വർദ്ധിക്കുകയും എതിരുകൾ ശക്തമാകുകയും ചെയ്തു. ആ എതിർപ്പുകൾ ചർച്ചുകൾ നശിപ്പിക്കുന്നതിലൂടെയും, ബൈബിൾ ചുട്ടുകരിക്കുന്നതിലൂടെയും തുടക്കം കുറിച്ചു.

കഴിഞ്ഞ 15 വർഷങ്ങൾ ആയി ക്രിസ്തീയ പ്രവർത്തനങ്ങൾക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നു. മുറിവേറ്റവരും കൊല ചെയ്യപ്പെട്ടവരും,




ക്രൂരമായ രീതിയിൽ ബലാൽസംഗത്തിന് ഇരയാക്കപ്പെട്ടവരും നിരവധിയാണ്. ഭവനരഹിതർ ആക്കപ്പെട്ടവർ അനവധിയുണ്ട്.

പീഡിതരുടെ ഭാഗത്തു നിന്നു സംസാരിക്കേണ്ടുന്ന മാധ്യമങ്ങൾ മൗനവ്രതത്തിലായതിനാൽ പീഡന വാർത്തകൾ പുറത്തറിയാതിരിക്കുന്നു. മാധ്യമ ധർമ്മം നീതിയോടെ കാര്യങ്ങൾ, പക്ഷം ചേരാതെ ജനങ്ങളിൽ എത്തിക്കുക എന്നതാണ്. പക്ഷേ ഭരണകൂടങ്ങളുടെ പാദസേവകരായി മാറിയ ചാനൽ, പത്ര മുതലാളിമാർ ക്രൂരതകളെ വെള്ളപൂശി മാത്രമേ പൊതുജനസമക്ഷം അവതരിപ്പിക്കുകയുള്ളു. അതിനാൽ തന്നെ സത്യം ക്രൂരമായി ക്രൂശിക്കപ്പെടുകയും കുഴിച്ചിടപ്പെടുകയുമാണ് ഇവിടെ ചെയ്യുന്നത്.

ന്യൂനപക്ഷ വിഭാഗമായ ക്രിസ്തുവിശ്വാസികളെ സംരക്ഷിക്കേണ്ടുന്ന ഉത്തരവാദിത്വം ഗവണ്മെന്റിനുണ്ട്. പക്ഷേ അവർ അതു കണ്ടില്ല എന്നു നടിക്കുന്നു. പീഡനകാരണമായി ഉന്നയിക്കുന്നതോ നിർബന്ധിത മതപരിവർത്തനം ചെയ്യുന്നു എന്ന ആക്ഷേപവും. ഏതു മതത്തിൽ വിശ്വസിക്കുവാനും അത് പ്രചരിപ്പിക്കാനും ഉള്ള അനുവാദം ഭരണഘടന നമുക്ക് പ്രദാനം ചെയ്യുന്നു. പക്ഷേ വർദ്ധിച്ചുവരുന്ന മതതീവ്രവാദവും, ഹിന്ദുത്വവാദവും ഈ സ്വാതന്ത്ര്യത്തിന് വിലങ്ങിടുവാൻ ശ്രമിക്കുന്നു. ഹിന്ദുത്വവാദം വർദ്ധിച്ചുവരുന്നു; അത് താലിബാന്റെ മറ്റൊരു പതിപ്പായി മാറുന്നു. സവാർക്കർ ഹിന്ദുത്വത്തിന് 3 അടയാളങ്ങൾ നല്കുകയുണ്ടായി (Land, the Blood and Culture) സ്ഥലം, രക്തം, സംസ്കാരം ഇവയാണ് അവ. ഇവിടെ (ഭാരതത്തിൽ) ഹിന്ദുമാതാപിതാക്കളാൽ ജനിക്കപ്പെട്ടവരും ഹിന്ദു സംസ്കാരം (Sanskrit) പങ്കുവയ്ക്കുന്നവരുമാണ് ഹിന്ദുക്കൾ. ഇവ മൂന്നും വേണം, ചിലതു മാത്രം പോര. അതിനാൽ തന്നെ ക്രിസ്ത്യാനിത്വത്തെ അർബുദ വ്യാധിയായി വ്യാഖ്യാനിക്കുന്നവർ പീഡിപ്പിച്ചില്ല എങ്കിലേ അതിശയമുള്ളു. ഭരണത്തിലേറുവാൻ ഭാരതത്തിൽ ഏറ്റവും നല്ല മാർഗ്ഗം വർഗ്ഗീയ കാർഡ് ആണെന്നവർ തിരിച്ചറിഞ്ഞു.

ഭരണാധിപന്മാരും പോലീസുമെല്ലാം പീഡനങ്ങൾക്ക് ഓശാന പാടുന്നത് നാം കാണുന്നു. മധ്യപ്രദേശിലും മറ്റു ഇതര നോർത്തിന്ത്യൻ സംസ്ഥാനങ്ങളിലും പീഡനങ്ങൾക്ക് കാരണമായി നിരത്തിയത് 2 കാരണങ്ങൾ ആണ്. ക്രിസ്തുമതത്തിലേക്ക് നിർബന്ധിത മതപരിവർത്തനം ചെയ്യുന്നു. നക്സലേറ്റുകളെ സഹായിക്കുന്നു. ക്രിസ്തീയ പ്രവർത്തകരെ നക്സലേറ്റുകളായി ചിത്രീകരിച്ച് ഇല്ലാതാക്കുവാനുള്ള കുടില തന്ത്രം വർദ്ധിച്ചുവരുന്നു.

ലോകത്തെവിടെയും ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയാണ്. യുദ്ധങ്ങൾക്കും മതപീഡനങ്ങൾക്കും എന്നും, എപ്പോഴും എതിരായി നിലകൊള്ളുന്നതാണ് യഥാർത്ഥ ക്രിസ്തുമാർഗ്ഗം. യുദ്ധം യുദ്ധങ്ങളെ ജനിപ്പിക്കുകയേ ഉള്ളൂ. അത് ലോകത്തിനു നല്കുന്നത് നരകമാണ്. ക്രിസ്തുമാർഗ്ഗം ലോകത്തിനു നല്കുന്നത് ദൈവരാജ്യവും സ്വർഗ്ഗവുമാണ്. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്ന ക്രിസ്തുവിന്റെ മൊഴിയുടെ പൊരുൾ ലോകം തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ!

ചാവേറുകളായി മറ്റുള്ളവരെ ഇല്ലാതാക്കി സ്വർഗ്ഗം പൂകാം എന്നു പഠിപ്പിക്കുന്നവർ ഒരുവശത്ത്; അഹിംസയുടെ ആഹ്വാനം അലയടിക്കുന്ന ശ്രീബുദ്ധന്റെയും ഗാന്ധിജിയുടെയും നാട്ടിൽ നിന്ന് സുവിശേഷപ്രവർത്തകർക്കു നേരെ ഉയരുന്ന കൊലവിളിയുടെ ശബ്ദം, നാളെ ഒരു രാമരാജ്യം ഇവിടെ സ്ഥാപിക്കാം എന്ന ആശയത്തിൽ നിന്നാണ്. എന്നാൽ ക്രിസ്തുവിന്റെ മാർഗ്ഗം നമുക്കു നൽകുന്നത് സ്നേഹസാമ്രാജ്യമാണ്.

ഈസ്റ്റർ ദിനം, കർത്താവായ യേശുക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ലോകചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച ഒരു സംഭവം ആണ്. മരണത്തിന്റെ ശക്തികളുടെ മേൽ ജയം ഉണ്ട് എന്ന പ്രഖ്യാപനമാണ് അത് നമുക്കു നൽകുന്ന സന്ദേശം. എവിടെ മനുഷ്യത്വം നഷ്ടപ്പെടുന്നുവോ? എവിടെ വ്യക്തിജീവിതത്തിൽ ഹിംസാശക്തികൾ പ്രബലപ്പെടുന്നുവോ, അവിടെ ഉയർപ്പിന്റെ ശക്തിയും സാന്നിദ്ധ്യവും ലഭ്യമാക്കേണ്ടതാണ്. അതാണ് സഭയുടെ ദൗത്യം. മനസ്സുകൾക്ക് മാറ്റം വന്നാലെ ഇന്നത്തെ വികലമായ കാഴ്ചപ്പാടുകൾക്ക് മാറ്റം വരൂ. വിദ്വേഷമുള്ളിടത്ത് സ്നേഹവും, നിരാശയിൽ പ്രത്യാശയും, ഇരുളിൽ വെളിച്ചവും ദുഃഖത്തിൽ സന്തോഷവും പകരുവാൻ സുവിശേഷത്തിനും യേശുക്രിസ്തു ഉള്ളിൽ ഉള്ളവനുമേ കഴിയൂ. ഗാന്ധി സ്നേഹത്തിനു നല്കിയ നിർവ്വചനം Love force എന്നാണ്. ക്രിസ്തു സ്നേഹത്തിനു മാത്രമേ വിദ്വേഷത്തിന്റെ വിത്തുകൾ എടുത്തുമാറ്റാൻ കഴിയൂ.

ക്രിസ്തുവിന്റെ ഉയർപ്പ് നല്കുന്ന സന്ദേശം മരണം ഒന്നിന്റെയും അവസാനമല്ല എന്നും ശേഷം ഒരു ജീവിതം ഉണ്ടെന്ന ഓർമ്മപ്പെടുത്തലാണ്. ഇനിയും പീഡനം വർദ്ധിക്കാം. ചാവേറുകൾ പലയിടത്തും പ്രത്യക്ഷപ്പെടാം. ഹിഡൻ അജണ്ടകൾ ശബ്ദമായി, ആഹ്വാനമായി മറനീക്കി പുറത്തുവരുമ്പോൾ ദൈവജനങ്ങൾ ഉണർന്നു പ്രാർത്ഥിക്കേണ്ടുന്ന സമയമായി. മിസ്രയീമിൽ നിന്നും ഒരു പുറപ്പാടിന് ജനത്തിനു ആഗ്രഹം ഉയരണമെങ്കിൽ ജോസഫിനെ അറിയാത്ത ഫറവോൻ അധികാരത്തിൽ വരണം. നമുക്കും പുറപ്പാടിനായി ഒരുങ്ങുവാൻ യേശുക്രിസ്തുവിന്റെ രണ്ടാം എഴുന്നള്ളത്തിനായി ഒരുങ്ങുവാൻ സമയം ആഗതമായി എന്ന മുന്നറിയിപ്പാണ് 2019 ലെ ഈസ്റ്റർ ദിനം തരുന്നത്. ■



ജെ പി വെണ്ണിക്കുളം



# ദൈവഹിതം ഇല്ലാത്ത ബന്ധങ്ങൾ

**സോഷ്യൽ മീഡിയയുടെ ശക്തമായ കടന്നുവരവ് ഇന്നത്തെ തലമുറയെ വഴിതെറ്റിക്കുന്നുണ്ട് എന്നു പറയാതിരിക്കാൻ വയ്യാ. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യക്തിയുമായി അടുക്കുകയും പിന്നീട് ചതിക്കപ്പെടുകയും ചെയ്യുന്നു. സ്നേഹം നടിച്ചു പണവും മാനവും കവരുന്ന നരാധമന്മാർ ഇന്നും സ്വതന്ത്രമായി വിഹരിക്കുമ്പോൾ നമ്മൾ ഇപ്പോഴും ഇതൊന്നും കണ്ടില്ലെന്നു നടിക്കുന്നത് ഭൂഷണമല്ല.**

**അ**ടുത്തയിടെ 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ', തിരുവല്ലയിൽ, നടന്ന കൊലപാതകത്തിൽ കവിത എന്ന പെൺകുട്ടി കൊല്ലപ്പെട്ടത് നാം നടുക്കത്തോടെയാണ് വാർത്താദൃശ്യ മാധ്യമങ്ങളിലൂടെ ശ്രദ്ധിച്ചത്. ഒരിക്കലും സംഭവിക്കരുതെ എന്നു ആഗ്രഹിച്ചു പോകുന്ന ഇത്തരം കൊലപാതകങ്ങൾ മനസാക്ഷിയുള്ള മനുഷ്യന് താങ്ങാവുന്നതല്ല. പ്രേമം നടിച്ചു പെൺകുട്ടികളെ വലയിലാക്കുന്ന ധാരാളം യുവാക്കൾ ഇന്ന് നമുക്ക് ചുറ്റുമുണ്ട്. ഒരു നോട്ടം കൊണ്ടോ ഭാവം കൊണ്ടോ യുവാക്കളെ വശത്താക്കുന്ന പെൺകുട്ടികളുമുണ്ട്. ഇഷ്ട വ്യക്തിയെ വിവാഹം കഴിക്കാൻ പറ്റില്ല എന്നറിയുമ്പോൾ അവർ തകർന്നു പോകുന്നു. ചിലർ ജീവനൊടുക്കുന്നു. കൗമാര പ്രായത്തിൽ മൊട്ടിട്ടിരുന്ന പ്രണയം ഇപ്പോൾ സ്കൂൾ തലം മുതൽ തഴച്ചു വളർന്നു സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയുള്ള കാലത്തു ആ വ്യക്തിയെ തന്നെ വിവാഹം കഴിക്കുകയും പിന്നീട് വിവാഹ മോചനത്തിൽ കലാശിക്കുകയും ചെയ്യുന്ന ചിത്രം ദിനംപ്രതി നാം കാണുകയും കേൾക്കുകയും ചെയ്യുന്നു. 'പ്രണയത്തിന് കണ്ണില്ല' എന്നു പറയുന്നപോലെ വൈകാരികമായി തോന്നുന്ന അടുപ്പം പിന്നീട് വെറുതെ ആയിരുന്നു എന്ന് അറിയുമ്പോഴേക്കും എല്ലാം കൈവിട്ടു പോയിരിക്കും.

സോഷ്യൽ മീഡിയയുടെ ശക്തമായ കടന്നുവരവ് ഇന്നത്തെ തലമുറയെ വഴിതെറ്റിക്കുന്നുണ്ട് എന്നു പറയാതിരിക്കാൻ വയ്യാ. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വ്യക്തിയുമായി അടുക്കുകയും പിന്നീട് ചതിക്കപ്പെടുകയും ചെയ്യുന്നു. സ്നേഹം നടിച്ചു പണവും മാനവും കവരുന്ന നരാധമന്മാർ ഇന്നും സ്വതന്ത്രമായി വിഹരിക്കുമ്പോൾ നമ്മൾ ഇപ്പോഴും ഇതൊന്നും കണ്ടില്ലെന്നു നടിക്കുന്നത് ഭൂഷണമല്ല. എന്റെ കുഞ്ഞിന് കുഴപ്പമൊന്നും ഇല്ലല്ലൊ എന്നു സ്വയം ആശ്വസിക്കുന്ന മാതാപിതാക്കൾക്കും തെറ്റു പറ്റുന്നുണ്ട് എന്നു കാലം തെളിയിക്കുന്നു. തങ്ങൾ ചിന്തിക്കുന്നതാണ് ശരി എന്ന് പറയുന്ന മാതാപിതാക്കളിൽ എത്രപേർ സ്വന്തം കുഞ്ഞുങ്ങളെ അടുത്തറിയാൻ ശ്രമിക്കാറുണ്ട്. അവരുടെ താത്പര്യങ്ങളെ മനസിലാക്കാതെ സ്വന്തം ഇഷ്ടങ്ങൾ അടിച്ചേല്പിക്കുമ്പോൾ വേദനിക്കുന്ന അവരുടെ ഹൃദയം നിങ്ങൾ കാണാതെപോകുന്നു. പലതും തുറന്നു സംസാരിക്കൻ പോലും അവർ ഭയക്കുന്നു. ഇവിടെയാണ് മനസു തുറന്നു സംസാരിക്കാൻ ഒരു വ്യക്തിയെ അവർ തേടിപ്പോകുന്നത്. ഇവിടെ പിഴവ് ആരുടേതാണ്? കുഞ്ഞുങ്ങളെ എപ്പോഴും ശകാരിക്കുകയും ബുദ്ധി ഉപദേശിക്കാതിരിക്കുകയും ചെയ്യുന്നത് നന്നല്ല. ചെറുപ്രായം മുതൽ അവരെ നിങ്ങളുടെ നെഞ്ചോടു ചേർത്തുപിടിക്കണം. അവരുടെ മനസു നിങ്ങളുടെ മുന്നിൽ ഒരു തുറന്ന പുസ്തകം ആയിരിക്കട്ടെ. നിങ്ങളിൽ നിന്നും അവർ ചിലതു മറച്ചു പിടിച്ചാൽ പോലും തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം.

അരുതാത്ത കൂട്ടുകെട്ടുകൾ പ്രോത്സാഹിപ്പിക്കരുത്. തെറ്റും ശരിയും പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. അതിലുപരി ദൈവഭയത്തിൽ അവരെ വളർത്തണം. അവർ നിങ്ങൾക്ക് പ്രിയമുള്ളവർ തന്നെ എന്നാലും അവരെ അവഗണിക്കരുത്. അവരുടെ നല്ല താലന്തുകളേയും അഭിരുചികളെയും പ്രോത്സാഹിപ്പിക്കണം. നരാധമന്മാരുടെ നീരാളിപ്പിടുത്തത്തിൽ അമർന്നു പോകാതെ അവരെ സൂക്ഷിക്കണം. ഒപ്പം സ്വയം സൂക്ഷിക്കാൻ അവരെ പരിശീലിപ്പിക്കണം. 'നടക്കേണ്ടുന്ന വഴിയിൽ' അവരെ അഭ്യസിപ്പിച്ചാൽ തെറ്റിൽ നിന്നും അവർ ഒഴിഞ്ഞു നിൽക്കും. പ്രേമാഭ്യർത്ഥനയുമായി വരുന്ന ഒരാളെപ്പോലും മനസിലാക്കാൻ അവർക്ക് കഴിയും തീർച്ച. പിന്നീട് ദുഖിക്കുന്നതിനെക്കാൾ നല്ലതല്ലേ മുന്നമേ തന്നെ സ്വയം പ്രതിരോധിക്കുന്നതും സൂക്ഷിക്കുന്നതും. ■

# SHARON FELLOWSHIP CHURCH

## PASTORS TRANSFER LIST 2019

| Sl. No. | Name of Pastor | Transferred from | Transferred to |
|---|---|---|---|
| 1 | Abraham Kuriakose | Thuruthikkad | Kadampanad North |
| 2 | Abraham N.T. | Karunechi | Karttikulam |
| 3 | Abraham P.A. | Othera West | Retiring |
| 4 | Abraham Thomas | Thalavady | Cheruvalli |
| 5 | Achenkunju T | Nalkavala | Chenkulam |
| 6 | Alex Mathew | Thondayadu | Peruva |
| 7 | Alexander P M | Chandigarh | Ahmedabad Royal |
| 8 | Alexmon T | Ayoor | Thuruthickadu |
| 9 | Ansmon T Sunny | Rawatbhata | Laxminagar(Delhi) |
| 10 | Antu C A | T.R.Bazar,Nilgiri | Manjapra |
| 11 | Ashok Varghese | Bavla(Gujarat) | Gaziabad(Delhi) |
| 12 | Babu John | Thoogampara | Peringamala |
| 13 | Baby T M | Prokulam | Leave |
| 14 | Benny Vettiyar | Kumbanad | Chamampathal |
| 15 | Bibin Baby | Chenkulam West | Ambalakkara |
| 16 | Biju Abraham | Charummoodu | Vazhuvadi |
| 17 | Biju Thankappan | Chathannoor Elim | New field |
| 18 | Blesson George | Mamala | Mangalathunada |
| 19 | Chacko I C | New | Karavoor |
| 20 | Chackochan P A | Chittar | Thrikkannamangal |
| 21 | Easow Mathew | Sitapuri | Karinechi |
| 22 | Eldho M O | Mangalathunada | Aroor |
| 23 | George M J | Thulappally | Edappavoor |
| 24 | George Varghese | Ambittantharissu | Kurukkanpara |
| 25 | Georgekutty D | Chenkulam | Chenkulam West |
| 26 | Georgekutty Daniel | Edamon | Vayyattupuzha |
| 27 | Georgekutty S | Panvel | Pachakkad |
| 28 | Habel P J | Mannamaruthy | Parumala |
| 29 | Jacob George | Royal Ahmedabad | Pullad |
| 30 | Jacob John | Sakinaka | Panvel |
| 31 | Jaison Samuel | New | Thondayadu |
| 32 | James T Y | Pazhanji | Pothanikadu |
| 33 | Jeffin Sabu | New | Upputhara |
| 34 | Jobin Mani | Kodungoor | Thevery |
| 35 | John P T | Muthupilakkad | Retiring |

| | | | |
|---|---|---|---|
| 36 | John Thomas | Pullad | Pooyappally |
| 37 | John Thomas | Gaziabad | Sitapuri |
| 38 | Johnson T V | Mallappally West | Manjadi |
| 39 | Joji George | Kattappana | Leave |
| 40 | Jose C J | Nenmala | Retired |
| 41 | Jose Podikunju | Chethomkara | Chittar |
| 42 | Jose Thomas | Kommayad | Paniyeli |
| 43 | Jose Wilson | Kudappanakunnu | Chirayinkeezhu |
| 44 | Jose Yohannan | Thrikkanamangal | Nalkavala |
| 45 | Joy P | Pavumba | Kovoor |
| 46 | Joy P P | Anakkalam | Thulappally |
| 47 | K K S Das | Karavoor | Pazhanji |
| 48 | Koshy Abraham | Karttikulam | Irapuram |
| 49 | Kuriakose K.M. | Peruva | Mallappally West |
| 50 | Kuriakose P.J. | Mathaippara | Venmony |
| 51 | Lijo Skariah John | Thengakal | Kommadi |
| 52 | Mathai P T | Vykom | Retiring |
| 53 | Mathew K J | Kovoor | Nedumpara |
| 54 | Mathew Mathew | Poovanthuruthu | Kuttickal |
| 55 | Mathew V M | Paniyeli | Panangadu |
| 56 | Monachan K S | Pooyappalli | Anakkulam |
| 57 | Ninan Philip | Cheruvally | Kumbanad |
| 58 | Paul Gopalakrishnan | Mundiappally | Retiring |
| 59 | Philip T M | Manjadi | Thottabhagom |
| 60 | Philip Thomas | Vallamkulam | Othera West |
| 61 | Pothen K U | Vazhuvadi | Retiring |
| 62 | Praisemon | New | Bavla(Gujarat) |
| 63 | Praveen B | New | Kudappanakunnu |
| 64 | Prince N J | Parumala | Elikkattoor Jn. |
| 65 | Rajan George | Kurichimuttom | New Field |
| 66 | Rajan K K | Ayaparambu | Pavumba |
| 67 | Rajesh Chacko | Laxminagar | Mannamaruthy |
| 68 | Reji Varghese | Venmony | Kambilikandam |
| 69 | Rinu Mathew | Plavarakunnu | Venjaramoodu |
| 70 | Roy Varghese | Vayyattupuzha | Edamon |
| 71 | Sabu Kurien | Upputhara | Mathaippara |
| 72 | Sabu Paul | Kadampanad North | CPC,Muscat |
| 73 | Sabu Yohannan | Ambalakkara | Ayoor |

| | | | |
|---|---|---|---|
| 74 | Sam Philip | Thottabhagom | Mezhuveli |
| 75 | Samuel K A | Leave | Kurichimuttom |
| 76 | Selvaraj A | Edaicodu | Perumpara |
| 77 | Shaji C | Perumpara | Edaicodu |
| 78 | Shibu D | Chamampathal | Kattappana |
| 79 | Shibu M A | Odhav | Bhandup |
| 80 | Shiju K Varghese | New | Thalavadi |
| 81 | Shylesh Thomas | Vallithodu | Kommayad |
| 82 | Simon George | Bhandup | Sakinaka |
| 83 | Sinoj K A | Irapuram | Nagancherry |
| 84 | Sophin S | Venjaranmoodu | Chandigarh |
| 85 | Soye Kuriakose | Nagancherry | Leave |
| 86 | Stanly Sebastian | Nedumpara | Muthupilakkadu |
| 87 | Sunu K Samuel | Maruthoor | New Field |
| 88 | Thomas C T | Kommadi | Vykkom |
| 89 | Thomas Jacob | Kuttickal | Poovanthuruth |
| 90 | Thomas K John | Panangadu | Leave |
| 91 | Thomas Philip | Chakkupallam | Chethomkara |
| 92 | Thomas Samuel | Galeela | Ayaparambu |
| 93 | Thomas V K | Thevery | Charummoodu |
| 94 | Varghese M T | Mezhuveli | Leave |
| 95 | Varghese P T | Manjapra | Leave |
| 96 | Vincent C Jose | Mariyappally | Galeela |
| 97 | Yeshudasan M | Pachakkad | Retiring |
| 98 | Yeshudasan T | Kottapadi | Retiring |
| 99 | Yohannan M | Pachalam | Leave |

## അറിയിപ്പ്

2018 ഓഗസ്റ്റിൽ കേരളത്തിലുണ്ടായ ജലപ്രളയം മൂലം ദുരിതത്തിലായ ജനത്തെയും സഭകളെയും സഹായിക്കുന്നതിനായി ശാരോൻ ഫെലോഷിപ്പ് ചർച്ച് പ്രാദേശിക സഭകളും സഭാംഗങ്ങളും ആത്മാർത്ഥമായി സാമ്പത്തിക സഹായം നല്കി ജീവകാരുണ്യപ്രവർത്തനങ്ങളിൽ സഹകരിച്ചു. പലരും സഹായം നല്കി കൊണ്ടുമിരിക്കുന്നു. പ്രാർത്ഥനയാലും സാമ്പത്തിക സഹകരണത്താലും സഹകരിച്ച ഏവരോടും കൗൺസിലിനുള്ള ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ദുരിതത്തിലായ അനേക വ്യക്തികൾക്കും കേടുപാടുകൾ സംഭവിച്ച നിരവധി പ്രാർത്ഥനാലയങ്ങൾക്കും, ലഭിച്ച സഹായം വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

ദുരിതാശ്വാസ സഹായത്തിന്റെ വരവ്-ചെലവ് കണക്കുകൾ ആവശ്യപ്പെട്ട് ചില വ്യക്തികൾ കൗൺസിലിനെ സമീപിക്കുന്നുണ്ട്. 2019-ലെ വാർഷിക ജനറൽ ബോഡിയോഗം അംഗീകരിച്ചതിനു ശേഷം മാത്രമേ അന്തിമകണക്കുകൾ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയുള്ളൂ എന്ന് അറിയിച്ചു കൊള്ളുന്നു.

മാനേജിംഗ് കൗൺസിലിനുവേണ്ടി,

(ട്രഷറാർ)

## സെക്ഷൻ കൺവൻഷൻ

**തുമ്പമൺ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് അടൂർ സെക്ഷൻ കൺവൻഷൻ മെയ് 2 മുതൽ 5 വരെ തുമ്പമൺ എൻ.എസ്.കെ.ഇൻറർനാഷണൽ സ്ക്കൂളിൽ വെച്ചു നടന്നു. പാസ്റ്റർമാരായ കെ.ജെ.തോമസ്, വർഗീസ് ജോഷ്വാ, റെജി ശാസ്താംകോട്ട എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച സെക്ഷനിലെ സഭകളുടെ സംയുക്ത സഭായോഗവും നടന്നു. ഹെവൻലി ബീറ്റ്സ് ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ റ്റി.ജി. ജെയിംസ് നേതൃത്വം നൽകി

# സൺഡേ സ്കൂൾ നാഷണൽ ക്യാംപ് സമാപിച്ചു




നാഷണൽ ക്യാംപ് പാസ്റ്റർ ഏബ്രഹാം ജോസഫ് ഉത്ഘാടനം ചെയ്യുന്നു

**അടൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർഥികൾക്കും സംയുക്തമായി സംഘടിപ്പിച്ച ആറാമത് നാഷണൽ ക്യാംപ് ഏപ്രിൽ 15 തിങ്കൾ മുതൽ 17 ബുധൻ വരെ അടൂർ മാർത്തോമ്മാ യൂത്ത് സെൻററിൽ വെച്ചു അനുഗ്രഹമായി നടന്നു. 15-ാം തീയതി രാവിലെ തന്നെ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ളവർ എത്തി ചേർന്നു തുടങ്ങിയിരുന്നു. 8.30 ന് രജിസ്ട്രേഷൻ തുടങ്ങി.10 മണിക്ക് ഉത്ഘാടന സമ്മേളനം ആരംഭിച്ചു.

ജനറൽ സെക്രട്ടറി റോഷി തോമസ് അധ്യക്ഷത വഹിച്ചു. ബ്രദർ കെ. തങ്കച്ചൻ സ്വാഗതം അറിയിച്ചു. സഭാ മാനേജിങ്ങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് ക്യാംപ് ഉദ്ഘാടനം ചെയ്തു. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺസൻ കെ.സാമുവേൽ സന്ദേശം നൽകി. പാസ്റ്റർ ബിജു ജോസഫ് ക്യാംപംഗങ്ങൾക്കു വേണ്ട പ്രധാന നിർദേശങ്ങൾ നൽകി. തുടർന്ന് നടന്ന പൊതു സെഷനുകളിൽ ജ്ഞാനികളായിരിക്കുക എന്ന ചിന്താവിഷയം ആസ്പദമാക്കി റവ.ജോ തോമസ്, സുവി.സിബി മാത്യു, പാസ്റ്റർ അനീഷ് കൊല്ലംകോട് എന്നിവർ ക്ലാസുകൾ നയിച്ചു. അധ്യാപകർക്കായി പ്രത്യേകം ക്രമീകരിച്ച സെഷനുകളിൽ സുവി.ജോബി കെ.സി., റവ.മനു മാത്യു, സുവി.സിബി മാത്യു എന്നിവർ ക്ലാസുകളെടുത്തു. ഇതേ സമയം വിദ്യാർഥികൾക്കായി നടന്ന സെഷനുകളിൽ റവ. ജോ തോമസ്, സിജു തോമസ് ആലഞ്ചേരി, ജിതിൻ ഏബ്രഹാം എന്നിവർ ക്ലാസുകൾ നയിച്ചു.

സുവി.ഇമ്മാനുവേൽ കെ.ബി.സിങ്ങ് & പ്രെയ്സിനു നേതൃത്വം നൽകി. 13 വയസിനു താഴെയുള്ളവർ ഉൾപ്പെട്ട ജൂണിയർ സെഷനുകൾ തിമഥി ഇൻസ്റ്റിറ്റ്യൂട്ട് നയിച്ചു. സമാപന സമ്മേളനത്തിൽ പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിച്ചു. സഭയുടെ ആക്ടിങ്ങ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ പ്രധാന സന്ദേശം നൽകി. കൂടാതെ കഴിഞ്ഞ വർഷങ്ങളിലെ സ്റ്റേറ്റ് പരീക്ഷയിൽ മൂന്നിലധികം തവണ റാങ്ക് നേടിയ പന്ത്രണ്ടു വിദ്യാർഥികളെ മെമെന്റോ നൽകി ഈ മീറ്റിംഗിൽ പ്രത്യേകം ആദരിക്കുകയുണ്ടായി. പാസ്റ്റർമാരായ സോവി മാത്യു, റ്റി.ഐ.ഏബ്രഹാം, കെ.എ.ഫിലിപ്പ്, ജോമോൻ ജോസഫ്, റോയി വി.സാമുവേൽ, ഒ.യോഹന്നാൻകുട്ടി, ബ്രദേഴ്സ് ജയിംസ് ജോൺ, ഏബ്രഹാം വർഗീസ് എന്നിവർ ആശംസകളറിയിച്ചു. ബ്രദർ കോശി മാത്യു നന്ദി പ്രകാശിപ്പിച്ചു. അധ്യാപകരും വിദ്യാർഥികളുമായി 600 ലധികം പേർ പങ്കെടുത്തു.

## സൺഡേസ്കൂൾ വാർഷിക പരീക്ഷകൾ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ കേരളത്തിലെ സഭകളിലെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ സെക്ഷൻ തലത്തിൽ 2019 മെയ് 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ അതാതു ലോക്കൽ സഭകളിൽ വെച്ചും ഫൈനൽ പരീക്ഷ ജൂൺ 8 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ ഓരോ സെക്ഷനുകളിലെയും തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ വെച്ചും നടക്കും. ബാഹ്യകേരളത്തിലെ സഭകളുടെ വാർഷിക പരീക്ഷ ഡിസംബർ 29 ഞായറാഴ്ച അതാത് ലോക്കൽ സഭകളിൽ വെച്ചായിരിക്കും നടക്കുന്നത്. ചോദ്യപേപ്പറും ഉത്തരമെഴുതാനുള്ള ബുക്കും പ്രത്യേകമായി ഈ വർഷവും നൽകുന്നതായിരിക്കും. എല്ലാ ക്ലാസ്സുകളിലേയും എല്ലാ അധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്.

## സുവിശേഷയോഗങ്ങൾ

**അടൂർ :** ടൗൺ ശാരോൻ ചർച്ചിന്റെയും ഏഴംകുളം ജെറുശലേം ഗോസ്പൽ മിനിസ്ട്രീസിന്റെയും സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 3 മുതൽ 5 വരെ അരമനപ്പടിക്കു സമീപം കർമ്മേൽ ഗ്രൗണ്ടിൽ സുവിശേഷയോഗങ്ങൾ നടന്നു. പാസ്റ്റർമാരായ എബി ഏബ്രഹാം, ജോയി പാറയ്ക്കൽ, വർഗീസ് ജോഷ്വാ എന്നിവർ പ്രസംഗിച്ചു. ജെറുശലേം വോയ്സ് ഗാനങ്ങൾ ആലപിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ കെ.ജെ. ബിനോയി നേതൃത്വം നൽകി.

**പന്തളം :** തുമ്പമൺതാഴം ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 13, 14 തീയതികളിൽ സഭാ ഗ്രൗണ്ടിൽ സുവിശേഷയോഗങ്ങൾ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജേക്കബ് ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റ്റി.വൈ. ജയിംസ്, ബിജു കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. പ്രെയ്സ് മെലഡീസ് മ്യൂസിക് ബാന്റ് ഗാനങ്ങൾ ആലപിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ നെൽസൻ എ. ലോറൻസ് നേതൃത്വം നൽകി.

# സി.ഇ.എം. റീജിയൻ ക്യാംപ്

**അടിമാലി:** സി.ഇ.എം. ഇടുക്കി റീജിയൻ ക്യാംപ് മെയ് 1 മുതൽ 3 വരെ രാജാക്കാട് ഗുഡ്ന്യൂസ് ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. പാസ്റ്റർമാരായ പി.വി. സജി, സോവി മാത്യു, ബ്രദേഴ്സ് തിമൊഥി ചെറിയാൻ, ടിനു യോഹന്നാൻ എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസ്സുകൾ നയിച്ചു. ദൈവസാന്നിധ്യത്തിൽ വസിക്കുക എന്നതായിരുന്നു ക്യാംപ് തീം.

# ഏകദിന ക്യാംപ്

**കട്ടപ്പന :** സി.ഇ.എം. ഹൈറേഞ്ച് സെന്റർ ഏകദിന ക്യാംപ് ഏപ്രിൽ 6-ന് ചപ്പാത്ത് ശാരോൻ ഹാളിൽ വെച്ചു നടന്നു. അസോസിയേറ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ സാം കെ. ജേക്കബ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബിനു ആലുംമൂട്ടിൽ ക്ലാസുകൾ നയിച്ചു. പാസ്റ്റർ ജെഫിൻ സാബു സംഗീതാരാധനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ ജോജി ജോർജ്, ജോസ് ജോർജ്, റോബിൻ രാജു, സാംസൺ തോമസ്, റ്റോണി തോമസ് എന്നിവർ ആശംസകൾ അറിയിച്ചു. ബ്രദർ റ്റോമിച്ചൻ ജോസഫ് സ്വാഗതവും പാസ്റ്റർ ജോയി ദേവസ്യ നന്ദിയും പറഞ്ഞു. പാസ്റ്റർമാരായ ജിജോ പി. നൈനാൻ, അനീഷ് ജോർജ്, റോയി ജയിംസ് തുടങ്ങിയവർ നേതൃത്വം നൽകി.

# ഉപവാസ പ്രാർത്ഥന

**കോഴഞ്ചേരി:** തെക്കേമല ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ മേയ് 20 മുതൽ 26 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർമാരായ കുര്യൻ മാത്യു, സുഭാഷ് കുമരകം, വർഗീസ് ഏബ്രഹാം, സുനി ഐക്കാട്, വർഗീസ് ജോഷ്വാ, പോൾ ഗോപാലകൃഷ്ണൻ, പ്രിൻസ് തോമസ്, സാം കോശി, അനു കോശി, ഫിന്നി ഏബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർ ജോജി ഏബ്രഹാം നേതൃത്വം നല്കും.

**കുടശ്ശനാട്:** ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 22 മുതൽ 28 വരെ ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ റ്റിജി. തോമസ്, ബെന്നി, ബാബു, റോയി പി. ശമുവേൽ, ജയരാജ്, ജോമോൻ, ബിനോയ്, രാജേഷ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ നിജു ബേബി നേതൃത്വം നൽകി.

# ഏകദിന സമ്മേളനങ്ങൾ

**ശൂരനാട് :** റീജിയൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മേയ് 1 ന് ടീച്ചേഴ്സ് & സ്റ്റുഡന്റ്സ് ഏകദിന സെമിനാർ കടമ്പനാട് നോർത്ത് ശാരോൻ സഭയിൽ വെച്ചു നടന്നു. റീജിയൻ സൺഡേസ്കൂൾ ചെയർമാൻ പാസ്റ്റർ സാം തങ്കച്ചന്റെ അധ്യക്ഷതയിൽ റീജിയൻ മിനിസ്റ്റർ പാസ്റ്റർ റ്റി.ഐ. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. സുവി. ബിനു ജോസഫ്, റവ. റെന്നി വെസ്ലി, സഹോദരിമാരായ പ്രീതി ബിനു, ആൻസി പൗലോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. സൺഡേസ്കൂൾ റീജിയൻ സെക്രട്ടറി ബ്രദർ ബ്രൈബസ് പി.പി., പ്രോഗ്രാം കോർഡിനേറ്റർ പാസ്റ്റർ എം.ജി. മോനച്ചൻ, ഏരിയ കോർഡിനേറ്റർ പാസ്റ്റർ ജോമോൻ ജെ. തുടങ്ങിയവർ നേതൃത്വം നൽകി.

**കൊട്ടാരക്കര :** സെക്ഷൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മേയ് 1 ന് തൃക്കണ്ണമംഗൽ ശാരോൻ സഭയിൽ വെച്ച് ഏകദിന സെമിനാർ നടന്നു. സെക്ഷൻ സൺഡേസ്കൂൾ ചെയർമാൻ പാസ്റ്റർ ബിനുരാജിന്റെ അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ഏബ്രഹാം മന്ദമരുതി, കെ.വി. ദാനിയേലുകുട്ടി, മിസ്റ്റർ ശ്യാംകുമാർ എന്നിവർ ക്ലാസുകൾ നയിച്ചു.

# മാധ്യമ സെമിനാർ

**പെരുമ്പാവൂർ :** ശാരോൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മേയ് 30-ന് പെരുമ്പാവൂർ ശാരോൻ ഹാളിൽ വെച്ച് ഏകദിന മാധ്യമ സെമിനാർ നടക്കും. പാസ്റ്റർ ഏബ്രഹാം ജോസഫ് ഉദ്ഘാടനം ചെയ്യും. സമൂഹമാധ്യമങ്ങൾ : സാധ്യതയും വെല്ലുവിളികളും, എഴുത്ത് : നിയോഗവും പ്രയോഗവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി സജി മത്തായി കാതേട്ട് ക്ലാസുകളെടുക്കും. പാസ്റ്റർമാരായ സാം റ്റി. മുഖത്തല, അനീഷ് കൊല്ലംകോട്, സജോ തോണിക്കുഴിയിൽ തുടങ്ങിയവർ നേതൃത്വം നൽകും.

# ഫാമിലി സെമിനാർ

**ഷാർജ :** ശാരോൻ ഫെലോഷിപ്പ് ചർച്ച് സി.ഇ.എം. ന്റെ ആഭിമുഖ്യത്തിൽ മാർച്ച് 19-ന് യൂണിയൻ ചർച്ചിൽ വെച്ച് ഫാമിലി സെമിനാർ നടന്നു. പാസ്റ്റർ കോശി ഉമ്മൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സുകൾ നയിച്ചു. ബിനോയ് കുഞ്ഞപ്പൻ, ഷൈജു പോൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ജബൽ അലി :** ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 5-ന് ജബൽ അലി ക്രൈസ്റ്റ് ചർച്ചിൽ വെച്ച് ഫാമിലി സെമിനാർ നടന്നു. പാസ്റ്റർ ജേക്കബ് ജോർജ്ജ് മുണ്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സുകൾ നയിച്ചു.

# ശുശ്രൂഷക കുടുംബ സംഗമം

**തൃശൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തൃശൂർ വെസ്റ്റ് സെൻററിലെ ശുശ്രൂഷകന്മാരുടെ കുടുംബ സംഗമം മെയ് 15ന് അഞ്ചേരി സഭയിൽ വെച്ചു നടന്നു. പാസ്റ്റർ ബാബു മോസസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ കെ.വി.ഷാജു ഉദ്ഘാടനം ചെയ്തു. റവ.ജേക്കബ് മാത്യു ക്ലാസെടുത്തു. പാസ്റ്റർ ബിജു ജോസഫ് നേതൃത്വം നൽകി.

# വി.ബി.എസ്

**മല്ലപ്പള്ളി :** വെസ്റ്റ് ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 11 മുതൽ 13 വരെ വി.ബി.എസ്. നടന്നു. ട്രാൻസ്ഫോമേഴ്സ് ഇന്ത്യ പ്രോഗ്രാമുകൾ നയിച്ചു. പാസ്റ്റർ റ്റി.വി. ജോൺസൻ നേതൃത്വം നൽകി.

**ആലുവ :** അശോകപുരം ശാരോൻ സഭയുടെ അഭിമുഖ്യത്തിൽ ഏപ്രിൽ 8 മുതൽ 12 വരെ വി.ബി.എസ് നടത്തപ്പെട്ടു. ട്രാൻസ്ഫോമേഴ്സ് ഇന്ത്യ നേതൃത്വം നൽകി. പാസ്റ്റർ പി.എൻ. ജോസഫ് ഇവിടെ ശുശ്രൂഷിക്കുന്നു.

**കൈതക്കുഴി :** ശാരോൻ സഭയിൽ ഏപ്രിൽ 8 മുതൽ 13 വരെ വി.ബി.എസ് നടന്നു. എക്സൽ മിനിസ്ട്രീസ് നേതൃത്വം നൽകി. പാസ്റ്റർ സജു പാപ്പച്ചൻ ഇവിടെ ശുശ്രൂഷിക്കുന്നു.

**ചാത്തന്നൂർ :** മരക്കുളം ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 9 മുതൽ 13 വരെ വി.ബി.എസ് നടന്നു. ട്രാൻസ്ഫോമേഴ്സ് ഇന്ത്യ നേതൃത്വം നൽകി.

**മേക്കൊഴൂർ :** ശാരോൻ സഭയിൽ ഏപ്രിൽ 24 മുതൽ 27 വരെ വി.ബി. എസ് നടന്നു. ട്രാൻസ്ഫോമേഴ്സ് ഇന്ത്യ നേതൃത്വം നൽകി. പാസ്റ്റർ റെജി പി. ശമുവേൽ ഇവിടെ ശുശ്രൂഷിക്കുന്നു.

# സി.ഇ.എം. പ്രവർത്തന ഉദ്ഘാടനം



പ്രവർത്തന ഉത്ഘാടനം റവ. ഫിന്നി ജേക്കബ് നിർവ്വഹിക്കുന്നു

**കൊട്ടാരക്കര:** ക്രിസ്ത്യൻ ഇവാൻജലിക്കൽ മൂവ്മെന്റിന്റെ 2019-2021 വർഷങ്ങളിലെ കേന്ദ്രതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മെയ് 8-ന് കൊട്ടാരക്കര കേരള തിയോളജിക്കൽ സെമിനാരി ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. സി.ഇ.എം ജനറൽ പ്രസിഡന്റ് പാസ്റ്റർ സോവി മാത്യു അധ്യക്ഷത വഹിച്ചു. സഭയുടെ വൈസ് പ്രസിഡന്റ് റവ. ഫിന്നി ജേക്കബ് ഉദ്ഘാടനം നിർവ്വഹിച്ചു. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺസൻ കെ. സാമുവേൽ മുഖ്യസന്ദേശം നൽകി.

രണ്ടു വർഷത്തേക്കുള്ള വിപുലമായ പ്രവർത്തന പദ്ധതികൾ സി.ഇ.എം. ജനറൽ സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫ് അവതരിപ്പിച്ചു. കൂടാതെ പ്രവർത്തന പദ്ധതികളും താലന്തു പരിശോധനാ നിർദ്ദേശങ്ങളുമടങ്ങിയ സിഇ.എം സർക്കുലറിന്റെ പ്രകാശനം, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, വിവിധ മേഖലയിലുള്ള വ്യക്തികളെ ആദരിക്കൽ എന്നിവയും ഇതോടനുബന്ധിച്ചു നടന്നു. പാസ്റ്റർമാരായ ഫിലിപ്പ് ഏബ്രഹാം, ബിജു ജോസഫ്, ഗോഡ്സൺ സണ്ണി, ബ്രദേഴ്സ് കുഞ്ഞച്ചൻ വർഗീസ്, റോഷി തോമസ്, മിസ്സിസ് ഷീബാ ജോജു എന്നിവർ ആശംസകൾ അറിയിച്ചു. സി.ഇ.എം. ജനറൽ ട്രഷറാർ ഇവാ. എബി ബേബി സ്വാഗതവും വൈസ് പ്രസിഡന്റ് പാസ്റ്റർ രാജീവ് ജി. നന്ദിയും പറഞ്ഞു.

സുവിശേഷീകരണം, ജീവകാരുണ്യം, ബോധവത്ക്കരണം, വിദ്യാഭ്യാസം, പരിസ്ഥിതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിരവധി പ്രവർത്തനങ്ങൾക്കാണ് സി.ഇ.എം. പദ്ധതിയിട്ടിരിക്കുന്നത്.

## പ്രവർത്തന ഉദ്ഘാടനം

**കൊച്ചി :** സി.ഇ.എം. എറണാകുളം റീജിയൻ കമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം ഏപ്രിൽ 14 ന് വൈറ്റില ശാരോൻ ഹാളിൽ വെച്ചു നടന്നു. പാസ്റ്റർ സോവി മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ബിനു ഏബ്രഹാം പ്രസംഗിച്ചു. പാസ്റ്റർ എം.ജെ. വർഗീസ്, ബ്രദേഴ്സ് അജിത്ത് ജോർജ്, ബിനു വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

**പാലക്കാട് :** സി.ഇ.എം. തൃശ്ശൂർ-പാലക്കാട് റീജിയൻ കമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം ഏപ്രിൽ 14-ന് ധോണി ലീഡ് കോളജിൽ വെച്ചു നടന്നു. പാസ്റ്റർ ജോമോൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ഇവാ. ലേണൽ തോമസ് മുഖ്യ സന്ദേശം നൽകി. പാസ്റ്റർ പി.റ്റി. ജോൺ, ബ്രദേഴ്സ് നിഖിൽ സേവ്യർ, വർഗീസ് പോൾ എന്നിവർ നേതൃത്വം നൽകി.

## സെന്റർ കൺവൻഷൻ

**കുന്നംകുളം :** ശാരോൻ ഫെലോഷിപ്പ് കുന്നംകുളം സെന്റർ കൺവൻഷൻ മാർച്ച് 29 മുതൽ 31 വരെ വടക്കാഞ്ചേരി റോഡിലുള്ള സുവാർത്താ നഗറിൽ നടന്നു. പാസ്റ്റർമാരായ കെ. ജെ. ഫിലിപ്പ്, സി.ജെ. ആൻഡ്രൂസ്, അനീഷ് കൊല്ലം, സാം ടി. മുഖത്തല തുടങ്ങിയവർ പ്രസംഗിച്ചു. പ്രെയ്സ് മെലഡീസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**മൂവാറ്റുപുഴ:** ശാരോൻ ഫെലോഷിപ്പ് മൂവാറ്റുപുഴ സെന്റർ കൺവൻഷൻ മാർച്ച് 30, 31 തീയതികളിൽ കരിമ്പന ശാരോൻ സഭയിൽ വെച്ചു നടന്നു. പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, ഫിന്നി ജേക്കബ്, സി. ഏലിയാസ്, ജോണി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. മൂവാറ്റുപുഴ ശാരോൻ വോയ്സ് ഗാനങ്ങൾ ആലപിച്ചു.

## ഭാരവാഹികൾ

**കൽപ്പറ്റ :** ശാരോൻ വനിതാ സമാജം മലബാർ റീജിയൻ ഭാരവാഹികളായി സഹോദരിമാരായ ആലീസ് മാത്യൂസ് (പ്രസിഡന്റ്), ജാൻസി ജോബ് (വൈസ് പ്രസിഡന്റ്), ഷോല എൽദോസ് (സെക്രട്ടറി), ബിനി ജോമോൻ (ജോ. സെക്രട്ടറി), ബിജി ജോബി (ട്രഷറാർ) എന്നിവരെ തെരഞ്ഞെടുത്തു.

**ഗുജറാത്ത്:** സി ഇ എം ഗുജറാത്ത് സെന്റർ 2019-21 വർഷത്തെ ഭാരവാഹികളായി പാസ്റ്റർ ജെ പി വെണ്ണിക്കുളം (പ്രസിഡന്റ്), പാസ്റ്റർ മനോജ് കുമാർ (വൈസ് പ്രസിഡന്റ്), പാസ്റ്റർ റോബിൻ തോമസ് (സെക്രട്ടറി), ബ്രദർ റോഷൻ ജേക്കബ് (ജോ. സെക്രട്ടറി), ബ്രദർ ബെഞ്ചമിൻ മാത്യു (ട്രഷറർ), ബ്രദർ ഗ്രെനൽ നെൽസൻ, ബ്രദർ റിജോ വർഗീസ്, ബ്രദർ ജിബിൻ എലിയാസർ, ബ്രദർ സാംസൺ രാജു, ബ്രദർ റെബിൻ ബെന്നി (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

**ഗുജറാത്ത്:** ശാരോൻ സണ്ടേസ്കൂൾ ഗുജറാത്ത് സെന്റർ ഭാരവാഹികളായി പാസ്റ്റർ അനിൽ കുമാർ (ചെയർമാൻ), പാസ്റ്റർ രാജീവ് പോൾ (വൈസ് പ്രസിഡന്റ്), ബ്രദർ സിജു പി കെ (സെക്രട്ടറി),ബ്രദർ ജിബിൻ എലിയാസർ (ട്രഷറർ), പാസ്റ്റർ റോബിൻ തോമസ്, ബ്രദർ ഗ്രെനൽ നെൽസൻ, ബ്രദർ അജു തോമസ് (കമ്മിറ്റി അംഗങ്ങൾ)എന്നിവരെ ഏപ്രിൽ 20 നു ആനന്ദിൽ കൂടിയ മീറ്റിംഗിൽ തെരഞ്ഞെടുത്തു.

## അഭിനന്ദനങ്ങൾ



**കൊച്ചി:** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ - കമ്മ്യൂണിക്കേഷൻ-ജേർണലിസം (ട്രിപ്പിൾ മെയിൻ) കോഴ്സിന് അഞ്ചാം റാങ്ക് നേടിയ സ്വാതി സജിമോൻ. കൊച്ചി സെന്ററിലെ വൈറ്റില ശാരോൻ സഭാംഗമായ തെക്കേമുറിയിൽ ശാമുവേൽ സജിമോന്റെയും സാലി സജിമോന്റെയും മകളാണ്. കാക്കനാട് രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആൻഡ് അപ്ലൈഡ് സയൻസസ് വിദ്യാർത്ഥിനിയാണ്.



**കൊട്ടാരക്കര:** എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ എസ്ഥേർ അക്സാ മാത്യു. കൊട്ടാരക്കര ടൗൺ ശാരോൻ സഭാംഗമായ പഴുമണ്ണിൽ മാത്യു പി. ചാക്കോയുടെയും ഏലിയാമ്മ മാത്യുവിന്റെയും മകളാണ്.

## ചിൽഡ്രൻസ് ചലഞ്ച്

**മലപ്പുറം :** കുറ്റിപ്പുറം ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ മെയ് 6 മുതൽ 8 വരെ ചിൽഡ്രൻസ് ചലഞ്ച് എന്ന പേരിൽ പ്രത്യേക പ്രോഗ്രാമുകൾ കുട്ടികൾക്കായി നടന്നു. ലഹരിവിമുക്ത ബോധവൽക്കരണം, വ്യക്തിത്വ വികസനം തുടങ്ങിയുള്ള ക്ലാസ്സുകൾ ഇതോടനുബന്ധിച്ച് ക്രമീകരിച്ചിരുന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ എൽദോ പി. ജോസഫ് നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

**മേൽപ്പാടം:** തിരുവല്ല വെസ്റ്റ് സെന്ററിൽ ഉൾപ്പെട്ട മേൽപ്പാടം ശാരോൻ സഭയിൽ മെയ് 29 മുതൽ ജൂൺ 1 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർ പ്രസാദ് ഏബ്രഹാം നേതൃത്വം നൽകും.

## വനിതാസമാജം ജനറൽ ക്യാംപ് സമാപിച്ചു



ക്യാംപ് പാസ്റ്റർ ജോൺസൻ കെ.ശമുവേൽ ഉദ്ഘാടനം ചെയ്യുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ വനിതാ സമാജം ജനറൽ ക്യാംപ് ഏപ്രിൽ 30 മുതൽ മെയ് 2 വരെ കൊമ്പാടി മാർത്തോമ്മാ ക്യാംപ് സെന്ററിൽ വെച്ച് അനുഗ്രഹമായി നടന്നു. 30 ന് രാവിലെ 10 മണിക്ക് സഭാ മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺസൻ കെ.ശമുവേൽ ഉദ്ഘാടനം ചെയ്തു. വനിതാ സമാജം വൈസ് പ്രസിഡന്റ് മിസ്സിസ് ജോയമ്മ ജോൺ അധ്യക്ഷത വഹിച്ചു. സിസ്റ്റർ ലീന സാബു തീം പ്രസന്റേഷൻ നടത്തി.

തുടർന്നു നടന്ന വിവിധ സെക്ഷനുകളിൽ ജനറൽ സെക്രട്ടറി ഡോ. മോളി ഏബ്രഹാം, സഹോദരിമാരായ മറിയാമ്മ ജോയി, ഗ്രേസി ജോൺ, ജെസി ഏബ്രഹാം, ബ്ലസി ബിജു, ജെസി ഷാജി എന്നിവർ ക്ലാസുകളെടുത്തു. ഡോ. എൽസി ഉമ്മൻ (സൈക്യാട്രിസ്റ്റ്), ഡോ. സുമ ആൻ നൈനാൻ (ഗൈനക്കോളജിസ്റ്റ്) എന്നിവർ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നയിച്ചു. സഹോദിമാരായ എൽസി അച്ചൻകുഞ്ഞ്, ഷീബാ വിജയൻ തുടങ്ങിയവർ ബൈബിൾ ക്ലാസ് നടത്തി. സിസ്റ്റേഴ്സ് അല്ലി ഷാജി ഗ്രൂപ്പ് മിനിസ്ട്രിക്കും സൂസമ്മ പൊടിക്കുഞ്ഞ്, സൂസൻ അലക്സാണ്ടർ എന്നിവർ വിവിധ പ്രോഗ്രാമുകൾക്കും നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ ശാരോൻ സഭാ വൈസ് പ്രസിഡന്റ് റവ. ഫിന്നി ജേക്കബ് മുഖ്യസന്ദേശം നൽകി. വിതയും കൊയ്ത്തും (സങ്കീ. 126:5) എന്നതായിരുന്നു ഇപ്രാവശ്യത്തെ ചിന്താവിഷയം. സിസ്റ്റർ മറിയാമ്മ ജോയി സ്വാഗതവും സിസ്റ്റർ മിനി ലാലു നന്ദിയും പറഞ്ഞു. കേരളത്തിന്റെ വിവിധയിടങ്ങളിൽ നിന്നുള്ള സഹോദരിമാർ പങ്കെടുത്തു.

## സുവിശേഷയോഗങ്ങൾ

**അടൂർ :** തൊടുവക്കാട് ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ മെയ് 26 മുതൽ 28 വരെ സുവിശേഷയോഗങ്ങൾ നടക്കും. പാസ്റ്റർമാരായ വർഗീസ് ഏബ്രഹാം, നിജു മാത്യു എന്നിവർ പ്രസംഗിക്കും. ശാരോൻ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും. സഭാശുശ്രൂഷകൻ പാസ്റ്റർ ഷിബു ജോൺ നേതൃത്വം നൽകും.

**കുട്ടനാട്:** സെക്ഷനിലെ കുന്നംകരി ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ മെയ് 27 മുതൽ 29 വരെ സുവിശേഷയോഗങ്ങൾ നടക്കും. പാസ്റ്റർമാരായ എം.എം. ജോൺ, എ.വി. ജോസ്, ജയിംസ് റ്റി.വൈ, ജോജു തോമസ്, ജയിസ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ഹാർമോണിയസ് ബാന്റ് സംഗിത ശുശ്രൂഷ നിർവഹിക്കും.

**ഷാർജ:** സി.ഇ.എം ഷാർജ സെന്റർ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 27 മുതൽ 29 വരെ ഷാർജ വർഷിപ്പ് സെന്ററിൽ വെച്ച് സുവിശേഷയോഗങ്ങൾ നടക്കും. പാസ്റ്റർ അനീഷ് കാവാലം പ്രസംഗിക്കും. സി.ഇ.എം. സെന്റർ ക്വയർ സംഗീത ശുശ്രൂഷ നിർഹിക്കും. പാസ്റ്റർ തോമസ് വർഗീസ്, സലിൻ മാത്യു, സോജിത്ത് സജി തുടങ്ങിയവർ നേതൃത്വം നൽകും.

## ഏകദിന സെമിനാർ

**ദുബായ്:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സി.ഇ.എം.ന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22 ന് ഏകദിന സെമിനാർ ഹോളി ട്രിനിറ്റി ചർച്ചിൽ വെച്ചു നടന്നു. പാസ്റ്റർ ഷിബു മാത്യു അധ്യക്ഷത വഹിച്ചു. കുടുംബവും ആത്മീയതയും എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സെടുത്തു. ബ്രദർ ജിബു മാത്യു നേതൃത്വം നൽകി.

## യുവദർശന യാത്ര

**കണ്ണൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ഇവാഞ്ചലിസം ബോർഡിന്റെയും കണ്ണൂർ സെന്ററിന്റെയും ആഭിമുഖ്യത്തിൽ മെയ് 27 തിങ്കൾ മുതൽ 31 വെള്ളി വരെ കണ്ണൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരസ്യ യോഗം നടക്കും. കണ്ണൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോസ് ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഷിജു കുര്യൻ, ബിജു ജോസഫ്, ജോമോൻ ജോസഫ്, ബിനു എബ്രഹാം,ബിജു എബ്രഹാം, സജി വറുഗീസ് ബ്രദർ ബിജുനൈനാൻ തുടങ്ങിയവർ പ്രസംഗിക്കും.

## പാസ്റ്റർ സുരേഷ് കുമാറിനായി പ്രത്യേകം പ്രാർഥിക്കുക



കഴിഞ്ഞ 22 വർഷമായി ശാരോൻ ഫെലോഷിപ്പ് സഭാ ശുശ്രൂഷകനാണ് പാസ്റ്റർ സുരേഷ് കുമാർ. തഴമേൽ, വേങ്ങൂർ, പുതുശേരിഭാഗം എന്നീ സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്. കുളക്കട സഭാ ശുശ്രൂഷകനായിരിക്കെ 2018 നവംബർ 1 ന് കൊട്ടാരക്കരയ്ക്ക് സമീപം കലയപുരത്തുവച്ച് താൻ സഞ്ചരിച്ചിരുന്ന കാർ ഒരു ടോറെസുമായി കൂട്ടിയിടിച്ച് അപകടമുണ്ടായി. തൽഫലമായി ദൈവദാസന്റെ സ്പൈനൽ കോഡിന് ചതവും തുടയെല്ലിന് ഒടിവും സംഭവിച്ചു. പല സർജറികൾ നടത്തിയെങ്കിലും അരയ്ക്കു താഴെ ചലനശേഷി ഇല്ലാത്ത അവസ്ഥയിലാണിപ്പോൾ.16 ദിവസത്തോളം ആശുപത്രിയിൽ കഴിഞ്ഞിട്ട് ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. ഇതു വരെ 11 ലക്ഷത്തോളം രൂപ ആശുപത്രിയിലും മരുന്നിനുമായി ചിലവായിക്കഴിഞ്ഞു. ഇപ്പോൾ ഒരോ മാസവും 17000 രൂപയോളം ഫിസിയോ തെറാപ്പിക്കായി ചിലവാകുന്നു. ഭാര്യയും 2 മക്കളും ഉണ്ട്. മകൻ B.Tech രണ്ടാം വർഷവും മകൾ പ്ലസ് വണ്ണിനും പഠിച്ചുകൊണ്ടിരിക്കുന്നു. മറ്റു വരുമാനങ്ങളൊന്നുമില്ലാത്ത ഈ ദൈവദാസനെ ദൈവജനം ഓർക്കുകയും പരിപൂർണ്ണ സൗഖ്യത്തിനായി പ്രത്യേകം പ്രാർഥിക്കുകയും സാമ്പത്തികമായ ആവശ്യങ്ങളിൽ കൈതുറന്ന് സഹായിക്കുകയും ചെയ്യാൻ പ്രത്യേകം അഭ്യർഥിക്കുന്നു.

ദൈവദാസന്റെ അക്കൗണ്ട് വിവരങ്ങൾ

Suresh Kumar.s
Sbi, Adoor
A/C No:57022556142
Ifsc: Sbin0070060

**പാസ്റ്റർ ജോൺസൻ കെ. സാമുവേൽ (ജനറൽ സെക്രട്ടറി, മിനി സ്റ്റേഴ്സ് കൗൺസിൽ)**

## ദൈവവിളിയുടെ മഹത്വം തിരിച്ചറിയുക: റവ.ജോസഫ് റ്റി .ജോസഫ്

**തിരുവല്ല:** ദൈവജനം ദൈവവിളിയുടെ മഹത്വം തിരിച്ചറിഞ്ഞു ജീവിക്കണമെന്ന് റവ.ജോസഫ് റ്റി.ജോസഫ് ഓർമ്മിപ്പിച്ചു. മെയ് 21ന് തിരുവല്ല ശാരോനിൽ നടന്ന ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പൊതുസഭാ മണ്ഡലം മീറ്റിംഗിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു നോർത്ത് അമേരിക്കൻ ശാരോൻ സഭകളുടെ പ്രസിഡൻറു കൂടിയായ അദ്ദേഹം. ദൈവത്തിന്റെ വിളി ദൈവത്തോളം ശ്രേഷ്ഠതയുള്ളതാണ്. ആ മഹത്വം തിരിച്ചറിയുമ്പോഴാണ് ആധ്യാത്മിക നിലവാരമുള്ള ഒരു ജീവിതം ലോകത്തിൽ നയിക്കാൻ കഴിയുന്നത്. അദ്ദേഹം ഉദ്ബോധിപ്പിച്ചു.



രാവിലെ 10ന് പാസ്റ്റർ എം.എം.ജോണിന്റെ പ്രാർഥനയോടെ ആരംഭിച്ച മീറ്റിംഗിന് സഭാ ആക്ടിങ്ങ് പ്രസിഡന്റ് പാസ്റ്റർ പി.എം.ജോൺ അധ്യക്ഷത വഹിച്ചു. മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺസൻ കെ.ശമുവേൽ സ്വാഗതം പറഞ്ഞു. പൊതുസഭാ മണ്ഡലം സെക്രട്ടറി പാസ്റ്റർ അലക്സ്മോൻ റ്റി.റിപ്പോർട്ടുവായിച്ചു. തുടന്ന് 2018ലെ ജനറൽ കൺവൻഷന്റെ വരവുചെലവു കണക്കുകൾ ഫൈനാൻസ് കൺവീനർ റവ.സാം കെ.ജേക്കബ് അവതരിപ്പിച്ചു. മാനേജിങ്ങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ എബ്രഹാം ജോസഫ് വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസ്താവിച്ചു.

പുത്രികാ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പാസ്റ്റർമാരായ ബിജു ജോസഫ് (ഇവാൻജലിസം ബോർഡ്), ഏബ്രഹാം മന്ദമരുതി (സൺഡേസ്കൂൾ അസോസിയേഷൻ), ജോമോൻ ജോസഫ് (സി.ഇ.എം) എന്നിവർ വിശദീകരിച്ചു. പൊതു സഭാ മണ്ഡലം ജോ. സെക്രട്ടറി ബ്രദർ കുഞ്ഞച്ചൻ വർഗിസ് കൃതജ്ഞത അറിയിച്ചു. പാസ്റ്റർ പി.ജി.ജേക്കബിന്റെ പ്രാർഥനയോടെ മീറ്റിംഗ് അവസാനിച്ചു.

# വിട്ടുപിരിഞ്ഞത്....

## പാസ്റ്റർ ഗീവർഗീസ് ഏബ്രഹാം നിത്യതയിൽ



ഹരിപ്പാട്: ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സീനിയർ ശുശ്രൂഷകനായിരുന്ന മുളമൂട്ടിൽ ഗിൽഗാലിൽ പാസ്റ്റർ ഗീവർഗീസ് ഏബ്രഹാം (65) മാർച്ച് 30-ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം ഏപ്രിൽ 2-ന് പാസ്റ്റർമാരായ ഫിന്നി ജേക്കബ്, ജോൺസൺ കെ. സമുവേൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്നു. 1985 മുതൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മുണ്ടത്താനം, കണ്ണംപള്ളി, പഴമ്പള്ളി, കാരിച്ചാൽ, ഹരിപ്പാട്, എഴുമറ്റൂർ, കണിച്ചുകുളം, ചാത്തങ്കേരി തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു. ചാത്തങ്കേരി സഭയുടെ ശുശ്രൂഷകനായിരിക്കെ 2008 ൽ പക്ഷാഘാതം സംഭവിച്ചതിനെ തുടർന്ന് വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. പൊടിയാടി തച്ചേഴത്ത് കുടുംബാംഗം അമ്മുക്കുട്ടിയാണ് ഭാര്യ. മക്കൾ: റോഷൻ, പ്രെയ്സ്, ഗ്രെയ്സ്. മരുമക്കൾ: സ്നേഹ, ജിബിൻ, ജോബിൻ.

## മറിയാമ്മ സ്കറിയ



**പുളിക്കൽകവല :** വാഴൂർ ശാരോൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിനിൽ സ്കറിയായുടെ മാതാവും പുളിക്കൽ കവല ശാരോൻ സഭാംഗവുമായ ഇടത്തറ വീട്ടിൽ പരേതനായ വർഗീസ് സ്കറിയയുടെ ഭാര്യ മറിയാമ്മ സ്കറിയ (76) മാർച്ച് 9-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 11-ന് പാസ്റ്റർ ബോസ് എം. കുരുവിളയുടെ നേതൃത്വത്തിൽ സഭാസെമിത്തേരിയിൽ നടന്നു. മണർകാട് കുന്നുംപുറത്ത് കുടുംബാംഗമായിരുന്നു. മറ്റുമക്കൾ: സുനിൽ, അനിൽ. മരുമക്കൾ: സ്വപ്ന, ജയമോൾ, ഫേബ.

## പി.കെ. തോമസ്



**അടൂർ :** മണക്കാലാ ശാരോൻ സഭാംഗമായ മണ്ണത്ത് പി.കെ. തോമസ് (95) മാർച്ച് 24-ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 27-ന് പാസ്റ്റർ റ്റി.ജി. കോശിയുടെ നേതൃത്വത്തിൽ നടന്നു. മണക്കാലാ ശാരോൻ ഫെലോഷിപ്പ് ചർച്ച് ആരംഭിച്ച കാലം മുതൽ തന്നെ സജീവ അംഗമായിരുന്നു ഈ കുടുംബം. ഭാര്യ: കുഞ്ഞമ്മ തോമസ്. മക്കൾ: പാസ്റ്റർ റ്റി. ജോൺ (അടൂർ സെന്റർ ശുശ്രൂഷകൻ), പൊടിയമ്മ, അമ്മിണി, റ്റി. യോഹന്നാൻ, പാസ്റ്റർ റ്റി. പാപ്പച്ചൻ (പെണ്ണുക്കര ശാരോൻ സഭാ ശുശ്രൂഷകൻ), ലീലാമ്മ, പാസ്റ്റർ റ്റി. സാം (തൈക്കൂടം ശാരോൻ സഭാ ശുശ്രൂഷകൻ). മരുമക്കൾ: ലീലാമ്മ, ജോസഫ്, ബേബിക്കുട്ടി, കുഞ്ഞമ്മ, ഗ്ലാഡിസ്, ജോസ് എം. കോശി, അന്ന.

## മറിയാമ്മ തോമസ്



**റാന്നി :** പുല്ലൂപ്രം ശാരോൻ സഭാശുശ്രൂഷകൻ പാസ്റ്റർ ടോണി തോമസിന്റെ മാതാവും കാട്ടാത്താനി ശാരോൻ സഭാംഗവുമായ കാട്ടാത്താനി പുത്തൻ വീട്ടിൽ പി.റ്റി. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (75) മാർച്ച് 2-ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 6-ന് പാസ്റ്റർ പി.എം. ജോണിന്റെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. എടത്വ മട്ടയ്ക്കൽ കുടുംബാംഗമാണ് പരേത. മറ്റുമക്കൾ: സോണി, ഫേബ. മരുമക്കൾ: റ്റിൻലാ, ജൻസി, നിതിൻ.

## ശോശാമ്മ ജോർജ്



**പുനലൂർ :** വിളക്കുവെട്ടം ശാരോൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ ഐസക് റ്റി. ജോർജിന്റെ മാതാവും തലവടി തുണ്ടിയിൽ പരേതനായ ജോർജിന്റെ ഭാര്യയുമായ ശോശാമ്മ ജോർജ് (97) മാർച്ച് 3-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം മാർച്ച് 6-ന് പാസ്റ്റർ ജോൺസൻ കെ. ശമുവേലിന്റെ നേതൃത്വത്തിൽ കുറ്റപ്പുഴ സെമിത്തേരിയിൽ നടന്നു. മറ്റു മക്കൾ: പീറ്റർ റ്റി. ജോർജ്, ബിനി. മരുമക്കൾ : മറിയാമ്മ, സ്റ്റെല്ലാ, റെജി.

## പൊടിയമ്മ ജോർജ്



**കൊട്ടാരക്കര:** ഓടനാവട്ടം ശാരോൻ സഭാംഗമായ മുക്കാലുവിള വീട്ടിൽ പരേതനായ മാത്തുണ്ണി ജോർജിന്റെ ഭാര്യ പൊടിയമ്മ ജോർജ് (75) മെയ് 15 ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 18 ന് പാസ്റ്റർമാരായ കെ. കൊച്ചുമ്മൻ, നൈനാൻ കെ. ജോർജ് എന്നിവരുടെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് ഭവനത്തിലെ ശുശ്രൂഷയിൽ മുഖ്യസന്ദേശം നൽകി. മക്കൾ: ആലീസ് ജോൺസൻ, സൂസമ്മ കുഞ്ഞുമോൻ, റോബി ജോർജ്. മരുമക്കൾ: ജോൺസൺ, പരേതനായ കുഞ്ഞുമോൻ, ബ്ലസി.

## ആശ രാഹുൽ



**മാന്നാർ:** മേൽപ്പാടം ശാരോൻ സഭാംഗവും ഉത്തർപ്രദേശിൽ എ.ജി.സഭാ ശുശ്രൂഷകനുമായ ദ്വാരകയിൽ പാസ്റ്റർ രാഹുൽ രാജിന്റെ ഭാര്യ ആശ രാഹുൽ (28) മെയ് 16ന് കർത്തൃ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 20ന് പസ്റ്റർമാരായ റ്റി.ജി.കോശി, കെ.ജോണിക്കുട്ടി തുടങ്ങിയവരുടെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. ഡൽഹി മദൻപൂർഖർ ശാരോൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ ശശിധരൻ പിള്ളയുടെ മകളാണ് ആശ.ഏക മകൻ റെയാൻ (9 മാസം)

## ഡാനിയേൽ ഏബ്രഹാം



**അടൂർ:** കരുവാറ്റാ ശാരോൻ സഭാംഗമായ ഏബനേസർ വില്ലയിൽ ഡാനിയേൽ ഏബ്രഹാം (53) മെയ് 20ന് കർത്തൃ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 22 ന് സഭാ സെമിത്തേരിയിൽ നടക്കും. ശാരോൻ ഫെലോഷിപ്പിലെ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ പി.ഡി.ഏബ്രഹാമിന്റെ മക നാണ്. ഭാര്യ: സൂസി.മകൾ: ഡെൻസി.

## വനിതാസമാജം ജനറൽ ക്യാമ്പ്



സമാപന സന്ദേശം: പാസ്റ്റർ ഫിന്നി ജേക്കബ്



ക്ലാസ്സ്: ഡോ. മോളി ഏബ്രഹാം



സദസ്സ്

## പൊതുസഭാ മണ്ഡലം



അധ്യക്ഷപ്രസംഗം: പാസ്റ്റർ പി.എം.ജോൺ



റിപ്പോർട്ട്: പാസ്റ്റർ അലക്സ്മോൻ റ്റി.



കൺവൻഷൻ കണക്ക്:
റവ. സാം കെ. ജേക്കബ്



കൃതജ്ഞത:
കുഞ്ഞച്ചൻ വർഗീസ്



പൊതുസഭാ മണ്ഡലം സദസ്സ്



പഞ്ചാബിൽ നടന്ന സ്നാനശുശ്രൂഷയ്ക്ക് ശേഷം സ്നാനാർത്ഥികൾ പാസ്റ്റർ കെ. സൂര്യനൊപ്പം

# SHARON BIBLE COLLEGE

ACCREDITED BY ATA (Asia Theological Association)

P.B. No. 10, TIRUVALLA - 689 101, KERALA, INDIA
Phone:0469-2607066 Mob: 9446189167, 9447592559, 9747371538
E-mail: sharonbctiruvalla@gmail.com

| OFFERED COURSES | DURATION | MEDIUM | REQUIREMENTS |
|---|---|---|---|
| 1. Master of Divinity (M.Div) | 2/3 Years | English | Degree / B.Th in IInd Class |
| 2. Bachelor of Theology (B.Th.) | 3 Years | English | 10+2/ Equivalent |
| 3. Diploma in theology (Dip. Th.) | 3 Years | Malayalam | S.S.L.C. Passed |
| 4. Graduate in Theology (G.Th.) | 2 Years | Malayalam | S.S.L.C. |
| 5. Certificate in Theology (C.Th.) | 1 Year | Malayalam | S.S.L.C. |

2019 ലെ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക

**പ്രത്യേകതകൾ**

- അനുഭവ സമ്പന്നരായ അദ്ധ്യാപകർ
- യുവാക്കൾക്കും യുവതികൾക്കും പ്രത്യേകം ക്യാമ്പസ്
- പ്രത്യേക ഊന്നൽ നൽകിയുള്ള പ്രായോഗികപരിശീലനം
- പെന്തെക്കോസ്ത് കരിസ്മാറ്റിക് അടിസ്ഥാനത്തിലുള്ള ക്ലാസുകൾ
- മികവാർന്ന ലൈബ്രറി
- സാമൂഹ്യസേവനത്തിൽ പങ്കാളിത്തം
- തികഞ്ഞ ആത്മീയാന്തരീക്ഷം

*Ensure the opportunity to fulfil the Vision*

ജാതി–മത ഭേദമന്യെ സമൂഹത്തിലെ ഏറ്റവും നിർദ്ധനവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി...






# ശാരോൻ ചിൽഡ്രൻസ് ഹോം

## (ഡഗ്ലസ് മെമ്മോറിയൽ)

കിളിയന്തറ, വള്ളിത്തോട് പി.ഒ., കണ്ണൂർ 670 700, ഫോൺ: 0490 2421745

Printed and published by Abraham Thomas for Sharon Fellowship Church, Tiruvalla. For Private Circulation only.
Printed at Evangel Press, Tiruvalla